25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 5 No. 5, 15 May 2017**

എഡിറ്റോറിയൽ

# ദുരന്തങ്ങൾ ഒഴിവാക്കുക

**ഈ**യിടെ വന്ന ഒരു പത്രവാർത്ത നമ്മിൽ അധികം പേരെയും അത്ഭുതപ്പെടുത്തിയിരിക്കണം. A.D. 2000 മുതൽ 2015 വരെയുള്ള 15 വർഷക്കാലത്ത് 22000-ൽപരം കൊലപാതകങ്ങളാണ് ഭീകര പ്രവർത്തനങ്ങളുടെ ഫലമായി ഇൻഡ്യയിൽ സംഭവിച്ചത്. എന്നാൽ അതേ കാലയളവിൽ പ്രണയവുമായി ബന്ധപ്പെട്ട് ഈ രാജ്യത്തു നടന്നത് ഒരു ലക്ഷത്തി പതിനെണ്ണായിരത്തിലധികം കൊലപാതകങ്ങളായിരുന്നു. അതായത് ഭീകരവാദം സൃഷ്ടിക്കുന്ന മനുഷ്യക്കുരുതികളുടെ അഞ്ചിരട്ടിയിലധികമാണ് പ്രേമബന്ധങ്ങളുടെ ശൈഥല്യം നിമിത്തം ഇവിടെ സംഭവിക്കുന്നതെന്നു സാരം. ലോകം ഭയക്കുന്ന ഭീകരവാദത്തെക്കാൾ മാരകമാണ് മനുഷ്യഹൃദയങ്ങളെ തരളിതമാക്കുന്ന പ്രണയ ഭാവത്തിന്റെ പൈശാചികതലങ്ങൾ എന്ന സത്യമാണ് ഇവിടെ മുഖം കാണിക്കുന്നത്!

ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും ഇന്ന് മിക്ക രാജ്യങ്ങളിലുമുണ്ട്. തങ്ങൾക്ക് നീതി നിഷേധിക്കപ്പെട്ടു എന്ന തോന്നലാണ് വ്യക്തികളെയും സമുഹത്തെയും ഭീകരവാദികളായി മാറ്റുന്നത്. ഈ തോന്നൽ സത്യമോ, മിഥ്യയോ, അർദ്ധസത്യമോ ആയിരിക്കാം. ധാർമ്മീകതയുടെയും ആത്മീയതയുടെയും അഭാവം ഭീകരവാദികളുടെ ആവിർഭാവത്തിന് ആക്കം കൂട്ടുന്നു. അക്രമ സ്വഭാവക്കാരും സ്വാർത്ഥരും നേതൃത്വ സ്ഥാനങ്ങളിൽ എത്തിപ്പറ്റുകകൂടി ചെയ്യുമ്പോൾ ഭീകരവാദി സമൂഹത്തിന്റെ പിറവി സുനശ്ചിതമാകുന്നു. കിരാതവും ഹിംസാത്മകവുമായ ചിന്തകൾ അണികളുടെ മനസ്സുകളിൽ തന്മയത്വത്തോടെ കടത്തിവിടുകയും പ്രോജ്ജലിപ്പിക്കുകയും വഴി അവരെ ഏത് അക്രമത്തിനും പ്രേരിപ്പിക്കാൻ ഇത്തരം നേതാക്കൾക്ക് എളുപ്പമാണ്. പാലങ്ങൾ, തീവണ്ടിപ്പാളങ്ങൾ, വാഹനങ്ങൾ, സമ്മേളനസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഫോടനം നടത്തുക, യാത്രാവിമാനങ്ങൾ തട്ടിക്കൊണ്ടുപോവുക, ആകാശമധ്യത്തിൽ അവ ബോംബ് വച്ചു തകർക്കുക, ആൾക്കൂട്ടത്തിലേക്ക് വാഹനങ്ങൾ ഇരച്ചുകയറ്റി ജനങ്ങളെ അരച്ചുകൊല്ലുക, ജനപ്രതിസഭകളിൽ നുഴഞ്ഞു കയറി വെടിവയ്ക്കുക, ദേശീയ നേതാക്കളുടെയും രാഷ്ട്രീയ എതിരാളികളുടെയും 'ഹിറ്റ് ലിസ്റ്റ്' ഉണ്ടാക്കി അവരെ വകവരുത്തുക, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്യാസിമഠങ്ങൾ മുതലായവ ആക്രമിച്ചു നിരപരാധികളെ കൊന്നൊടുക്കുക, പോലീസ്-മിലിറ്ററി ക്യാമ്പുകളിൽ മിന്നലാക്രമണം നടത്തി സൈനികരെ കൊന്നൊടുക്കുക, അവരുടെ ആയുധങ്ങൾ തട്ടിക്കൊണ്ടുപോവുക, അണുശക്തി നിലയങ്ങൾ, വൈദ്യുതി ഉല്പാദനകേന്ദ്രങ്ങൾ എന്നിവ ആക്രമിച്ചു കേടുവരുത്തുക മുതലായവയെല്ലാമാണ് ഭീകര സംഘങ്ങൾ ചെയ്തു വരുന്നത്. ഇത്തരം ഭീകര പ്രവർത്തനങ്ങളിൽ നിന്നും ഒരു രാജ്യവും ഇന്നു സ്വതന്ത്രമല്ല.

ഭീകരപ്രവർത്തനം പ്രതിഷേധത്തിന്റെയും പ്രതികാരത്തിന്റെയും അസഹിഷ്ണുതയുടെയും പ്രകടനമാണ്. ആ നിലയ്ക്ക് അത് അക്രമവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുക സ്വാഭാവികമാണ്.

**EDITORIAL BOARD**

***President***
**H. G. Dr. Thomas Mar Athanasius**
Metropolitan

***Chief Editor***
**Fr. Abraham Karammel**

***Mg.Editor***
**Mr. P. J. Varghese**

***Associate Editors***
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

***Technical Adviser***
**Mr. George Paul**

***Members***
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ദുരന്തങ്ങൾ ഒഴിവാക്കുക** ............................ 1

**മേൽപ്പട്ടക്കാരുടെ സ്ഥലംമാറ്റം**
**വീണ്ടും വിഷയമാകുന്നു** ............................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**മദ്യനിരോധനം**
**ഗാന്ധിയൻ കാഴ്ചപ്പാടിൽ** ............................ 6
പ്രൊഫ. ഡോ. എം.പി. മത്തായി

**സഭയും സഭാസ്ഥാപനങ്ങളും** .................. 10
ഫാ. ഡോ. ജോർജ്, കാരക്കുന്നേൽ

**മനോരോഗങ്ങൾക്ക്**
**മാനസിക വ്യായാമങ്ങൾ** ......................... 13
വി.പി.

**തുണ** ............................................................ 14
ജോയി മേക്കോട്ടിൽ

**വാർത്തകൾ, അറിയിപ്പുകൾ** .................. 16

എന്നാൽ പ്രണയം അങ്ങനെയല്ല. അത് അടിസ്ഥാനപരമായി മനസ്സിന്റെ സ്നേഹഭാവമാണ്, ആർദ്രഭാവമാണ്. പ്രണയത്തിനും, പ്രേമത്തിനും സ്നേഹത്തിനും 'love' എന്ന ഒരേ പദമാണ് ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ അവ അടിസ്ഥാനപരമായി ഭിന്നഭാവങ്ങളല്ലെന്നു വ്യക്തമാണ്. അങ്ങനെയെങ്കിൽ അവയിൽ നിന്ന് അക്രമം (Violence) ഉണ്ടായിക്കൂടാത്തതാണ്. എന്നാൽ അവയാണ് ഭീകരവാദത്തേക്കാൾ അഞ്ചിരട്ടിയിലധികം കൊലയ്ക്ക് കാരണമെന്നാണ് ഈ കണക്ക് വ്യക്തമാക്കുന്നത്. ഇവിടെയാണ് വലിയൊരു പൊരുത്തക്കേട്, വിരോധാഭാസം വ്യക്തമാകുന്നത്.

എന്താണിതിനു കാരണം? ലൈംഗികതയും ദാമ്പത്യവും സംബന്ധിച്ച വികലമായ അവബോധവും സമീപനവുമാണ് പ്രധാനഹേതു. വിവാഹജീവിതത്തെ ആധിപത്യ സ്ഥാപനത്തിനും ചൂഷണത്തിനുമുള്ള അവസരമായിട്ടല്ല കരുതേണ്ടത്. ആസ്വാദനത്തോടൊപ്പം പരസ്പരം കരുതുന്നതിനും പങ്കുവക്കുന്നതിനും സേവിക്കുന്നതിനുമുള്ള അവസരമായി മനസ്സിലാക്കണം. വധൂവരന്മാരെ വിവാഹത്തിലൂടെ കൂട്ടിച്ചേർക്കുന്നത് ദൈവമാണെന്ന ഉറച്ച വിശ്വാസം ദാമ്പത്യത്തിന്റെ കെട്ടുറപ്പിനും സുസ്ഥിതിക്കും സഹായകമാണ്. ദമ്പതികൾ തങ്ങളുടെ ശരീരമനസ്സുകളെ നിർമ്മലമാക്കി ഈശ്വര സാന്നിദ്ധ്യത്തിന് യോഗ്യമായി സൂക്ഷിക്കണം. വൈവാഹിക ജീവിതത്തിൽ ചെറിയ ചെറിയ പൊരുത്തക്കേടുകൾ ഉണ്ടായാൽ അവയെ അപ്പോഴപ്പോൾ പരിഹരിച്ചു മുമ്പോട്ടു പോകണം. ഇത്തരം നടപടികൾ കുടുംബജീവിതത്തിൽ പിളർപ്പും അക്രമവും സംഭവിക്കാതിരിക്കാൻ സഹായകരമാണ്.

വിവാഹത്തിലെത്താതെതന്നെ അക്രമത്തിലും കൊലപാതകത്തിലും കലാശിക്കുന്ന പ്രണയ ബന്ധങ്ങളും ധാരാളമുണ്ട്. വേണ്ടത്ര ആലോചനയില്ലാത്ത വേഴ്ചകളാണ് ഇത്തരം ദുരന്തങ്ങൾക്കു കാരണം. വിവാഹാഭ്യർത്ഥന നിരസിക്കുന്ന പെൺകുട്ടികളെ കശാപ്പുചെയ്യുകയോ മുഖത്ത് ആസിഡ് ഒഴിച്ച് വികൃതമാക്കുകയോ ഒക്കെ ചെയ്യുന്നു. കാമുകന്മാരുടെ വാർത്തകളും മാധ്യമങ്ങളിൽ കൂടെക്കൂടെ കാണാം.

പ്രണയവുമായി ബന്ധപ്പെട്ടു നടക്കുന്ന കൊലപാതകങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ നാം ചെന്നെത്തുന്നത് മൂല്യച്യുതിയിൽ തന്നെയാണ്. മനഃശാസ്ത്രജ്ഞനായിരുന്ന ഫ്രോയിഡ് സിദ്ധാന്തിക്കുന്നതുപോലെ മനുഷ്യനിലെ ഏറ്റവും ശക്തമായ വികാരം ലൈംഗികമാണ്. എന്നാൽ അവന്റെ സംസ്ക്കാരവും, മത

*(ശേഷം 5-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# മേൽപ്പട്ടക്കാരുടെ സ്ഥലംമാറ്റം: വീണ്ടും വിഷയമാകുന്നു

മലങ്കര ഓർത്തഡോക്സ് സഭയിലെ മേൽപ്പട്ടക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് അടുത്ത കാലത്ത് സോഷ്യൽ മീഡിയയിൽ വീണ്ടും പോസ്റ്റിംഗുകൾ കണ്ടു തുടങ്ങിയിരിക്കുന്നു. അവരുടെ സ്ഥലം മാറ്റത്തിന് 90 ശതമാനം സഭാംഗങ്ങളും അനുകൂലമാണത്രേ. അതിനു തടസ്സം നിൽക്കുന്നത് സ്വാർത്ഥ താല്പര്യക്കാരും അധികാരമോഹികളുമായ ചില മെത്രാന്മാരാണെന്നാണ് എഴുത്തുകാരുടെ കണ്ടെത്തൽ. അതുകൊണ്ട് പുതിയ സഭാഭരണസമിതികൾ പ്രത്യേക പരിഗണനയോടെ ഈ ആവശ്യം നിറവേറ്റണം എന്നതാണ് നിർദ്ദേശം. സ്ഥലം മാറ്റത്തിന് എതിരെയുള്ള ചെറുത്തുനില്പും അതു നടപ്പാക്കാതിരിക്കലുമാണ് സഭ ഇന്നു നേരിടുന്ന ഏറ്റവും കടുത്ത ഭീഷണി എന്നാണ് ഇവരുടെ വിലയിരുത്തൽ. ഇതിന് മാറ്റം ഉണ്ടായില്ലെങ്കിൽ സഭയുടെ ഭാവിതന്നെ അപകടത്തിലാകുമെന്ന് അവർ മുന്നറിയിപ്പ് നൽകുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് ഗൗരവമായ പഠനം അനിവാര്യമായിത്തീരുന്നു. കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയുടെ കാലത്ത് സംഭവിച്ചതുപോലെ യോഗം ചേരുന്നതിന്റെ തലേദിവസം അടിയന്തര വിഷയമായി അജണ്ടയിൽ കൂട്ടിച്ചേർത്ത് പിറ്റേദിവസം ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അവതരിപ്പിക്കേണ്ട ഒരു കാര്യമല്ല ഇത്. വളരെ അവധാനപൂർവ്വം പഠിച്ച്, വരും വരായ്കകൾ വിലയിരുത്തി, ബന്ധപ്പെട്ട സമിതികൾ തീരുമാനമെടുക്കേണ്ട നയപരമായ ഒരു വിഷയമാണിത്. അതായത് ഇക്കാര്യം വേണ്ട എന്നല്ല. ഭൂരിപക്ഷ പിന്തുണ അന്വേഷിക്കുകയുമല്ല; നേരെമറിച്ച് സഭയ്ക്ക് നല്ലതാണോ എന്ന് വിശദമായി പഠിച്ച് പക്വവും അംഗീകൃതവുമായ തീരുമാനവും തുടർനടപടിയുമാണ് ഉണ്ടാകേണ്ടത്. മാത്രവുമല്ല തീരുമാനം അനുകൂലമെങ്കിൽ ആ സംവിധാനം ആരോഗ്യകരവും ആരോപണരഹിതവുമായി എങ്ങനെപ്രവർത്തിപ്പിച്ചുക്കൊണ്ടിരിക്കാം എന്നതുമെല്ലാം ഇതുമായി ബന്ധപ്പെട്ട അനുബന്ധവിഷയങ്ങളായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

ഒരു വർഷത്തിനപ്പുറം ഈ വിഷയം സംബന്ധിച്ച് സാമാന്യം ദീർഘമായ ഒരു അവതരണം ഈ പ്രസിദ്ധീകരണത്തിൽ തന്നെ ഞാൻ നടത്തിയിരുന്നു. മേൽപ്പട്ടക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചരിത്ര-കാനോനിക-സഭാവിജ്ഞാനീയ തടസ്സങ്ങൾ, അതു നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന വരും വരായകകൾ തുടങ്ങിയവ അതിൽ വിശദീകരിച്ചിരുന്നു. പലരും ചിന്തിക്കുന്നതുപോലെ അത് സഭാഭരണ സംവിധാനത്തെ പ്രശ്നരഹിതവും കൂടുതൽ ജനാധിപത്യപരവും ആക്കുമോ എന്ന അന്വേഷണവും അതിൽ നടത്തിയിരുന്നു. ഇത് സഭയിൽ ഏകാധിപത്യ-വിധേയത്വ പ്രവണതകൾ വർദ്ധിപ്പിക്കുകയും എപ്പിസ്ക്കോപ്പസിയുടെ അടിസ്ഥാനഘടനയും സ്വഭാവവും തകർക്കുകയും ചെയ്യുവാനുള്ള സാധ്യത ഏറും എന്നതായിരുന്നു എന്റെ നിഗമനം. ഇതുകൂടാതെ മേല്പട്ടക്കാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയയും അവർക്ക് ഭദ്രാസനചുമതല കൊടുക്കുന്ന രീതിയും നിലവിലിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം മുൻപിൽ കണ്ടുകൊണ്ട് സഭാ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ തന്നെ ഫലപ്രദമായി പുനഃക്രമീകരിക്കാനാവും എന്ന നിരീക്ഷണവും അതിൽ ചേർത്തിരുന്നു. അവരുടെ ശുശ്രൂഷ സംബന്ധിച്ച് നിഷ്പക്ഷവും മാനദണ്ഡാടിസ്ഥാനത്തിലുള്ളതുമായ വിലയിരുത്തലുകൾ ഉണ്ടാകേണ്ടത് എപ്പിസ്കോപ്പൽ ഭരണസംവിധാനം കാര്യക്ഷമമാക്കുവാൻ ആവശ്യമെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. നിലനിന്നുവരുന്ന സംവിധാനത്തിന് വലിയ അഴിച്ചുപണിയില്ലാതെ അതുവഴിയായി പരിഹാരം കണ്ടെത്താനാവുമെന്ന് ആയിരുന്നു ചർച്ചകളുടെ നിഗമനം. മാനദണ്ഡങ്ങളും വ്യവസ്ഥയും ഇല്ലാത്ത സ്ഥലംമാറ്റ തീരുമാനം അധികാര കേന്ദ്രീകരണത്തിനും വഴിതെളിക്കും. ഇത് അപകടകരമായ സ്ഥിതിവിശേഷം സൃഷ്ടിക്കാവുന്നതാണ്. ഈ സഭയുടെ സഭാശാസ്ത്രവും ദീർഘകാലമായി നിലനിന്നുവരുന്ന പാരമ്പര്യങ്ങളും എല്ലാം പരിശോധിച്ച് വിലയിരുത്തി ആകണം ഏത് മൗലീകമായ മാറ്റവും.

എപ്പിസ്കോപ്പൽ ഭരണവുമായി ഉയർന്നുവന്നിരിക്കുന്ന വിവിധ പ്രശ്നവിഷയങ്ങൾ അഭിസംബോധന ചെയ്യുവാൻ തയ്യാറാകാതെ കോലാഹലം സൃഷ്ടിച്ച് മേല്പട്ടക്കാരെ സ്ഥലം മാറ്റാൻ ശ്രമിക്കുന്നതാണ് പ്രശ്നം. ഈ വിഷയം സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ, ആലോചനകൾ എന്നിവ നടന്നില്ല. ഇതിന് വേണ്ടി

ഒരു പഠനശിബിരം പോലും സംഘടിപ്പിക്കുവാനുള്ള താല്പര്യവും സഭാനേതൃത്വമോ സ്ഥലംമാറ്റത്തിന്റെ വക്താക്കളോ പ്രകടിപ്പിച്ചില്ല. ഈ വിഷയം സംബന്ധിച്ച് അക്കാദമികവും ആശയപരവും പ്രായോഗികവുമായ തലങ്ങളിൽ പഠനം നടത്തി ധാരണ സമന്വയം സൃഷ്ടിച്ച് പക്വവും അംഗീകൃതവുമായി ഈ വിഷയം പരിഹരിക്കേണ്ടിയിരുന്നു. വിലകുറഞ്ഞ പ്രസ്താവനകൾ ഇറക്കിയും ആരോപണങ്ങൾ ഉയർത്തിയും വ്യക്തിപരമായി ആക്ഷേപിച്ചും ലക്ഷ്യം കണ്ടെത്തുന്ന രീതി സഭയിൽ സാർവ്വത്രീകമാകുന്നത് ഇക്കാര്യത്തിലും നടക്കുന്നു. ഇത് സഭാന്തരീക്ഷം മലീമസമാക്കുന്നതിന് മാത്രമേ സഹായിക്കൂ.

സ്ഥലം മാറ്റത്തിന് അനുകൂലമായ നിലപാടുള്ളവർ സന്മനസ്സുള്ളരും ത്യാഗികളും ശുദ്ധമനസ്ക്കരും വിയോജിപ്പുള്ളവർ സ്വാർത്ഥരും അധികാരദാഹികളും എന്നിങ്ങനെ മേൽപ്പട്ടക്കാരെ രണ്ടുകൂട്ടമായി വേർതിരിച്ചിരിക്കുകയാണ്. ആരാണ് സ്ഥലംമാറ്റത്തിന് അനുകൂലമായ നിലപാടുള്ളവർ? അവരിൽ മിക്കവരും കേരളത്തിന്റെ പിന്നാക്കപ്രദേശങ്ങളിലും, കേരളത്തിന് പുറത്തുള്ള ചില ഭദ്രാസനങ്ങളിലും സേവനം അനുഷ്ഠിക്കുന്ന മേൽപ്പട്ടക്കാരാണ്. ഈ സംവിധാനം വഴി അവർക്ക് കേരളത്തിലെ ഏതെങ്കിലും ശ്രദ്ധാർഹമായ ഭദ്രാസനങ്ങളിൽ ഇടം കിട്ടുവാൻ അവർ അന്വേഷണം നടത്തുന്നു. സഭാസ്നേഹികളും പരിത്യാഗികളും ആയതുകൊണ്ടല്ല; മിറച്ച് ഈ സംവിധാനം വഴി അവരാഗ്രഹിക്കുന്ന തലത്തിലുള്ള ഒരു ഭദ്രാസനത്തിൽ ഭരണം കിട്ടുമല്ലോ എന്ന താല്പര്യമാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത് എന്ന് വേണം കരുതുവാൻ. ഒരു ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുമ്പോൾ തന്നെ സ്വാധീനബന്ധങ്ങളുപയോഗപ്പെടുത്തി നോട്ടമിട്ടിരിക്കുന്ന ഭദ്രാസനങ്ങളിൽ ഒരു കാലുറപ്പിക്കുന്ന രീതി ഇപ്പോൾത്തന്നെ ആയിക്കഴിഞ്ഞു. അത് സ്ഥലം മാറ്റ സംവിധാനത്തിലൂടെ സ്വാഭാവികമായി നേടാൻ കഴിയുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

അതുപോലെ സമൃദ്ധിയും ജനശ്രദ്ധയും നേടിക്കഴിഞ്ഞവയും സഭാവഴക്കുകൾ ഇല്ലാത്തതുമായ ഭദ്രാസനങ്ങളിലെ മേൽപ്പട്ടക്കാർ പൊതുവേ സ്ഥലംമാറ്റ സംവിധാനത്തെ എതിർക്കുന്നു. കാരണം അവർ പിന്നാക്ക-പ്രശ്നബാധിത-വിദൂര ഭദ്രാസനങ്ങളിൽ പോകുവാൻ ആഗ്രഹിക്കുന്നില്ല എന്നതു തന്നെ. ഇവർ സ്ഥലംമാറ്റത്തെ എതിർക്കുന്നത് സത്യത്തിൽ അതിനോടുള്ള വിയോജിപ്പ് കൊണ്ടല്ല നേരെമറിച്ച് നിലവിലുള്ള സൗകര്യങ്ങളും ജനശ്രദ്ധയും ലഭിക്കാതെ പോകും എന്ന് ഭയപ്പെട്ടിട്ടാണ്. പിന്നെ ഒരു കൂട്ടർ തങ്ങൾ സൃഷ്ടിച്ചിരിക്കുന്ന ഔദാര്യപ്രസ്ഥാനങ്ങളുടെ പേരിൽ ലോകം ചുറ്റി പിരിവ് നടത്തുന്നവരാണ്. അവർക്ക് ഭദ്രാസനം മാറിയാൽ പിരിവിന് വേണ്ടി പുതിയ പ്രസ്ഥാനങ്ങൾ സൃഷ്ടിക്കേണ്ടിവരുമെന്നറിയാം. നിലവിലിരിക്കുന്ന പിരിവ് സ്രോതസ്സുകൾ നഷ്ടപ്പെട്ടുപോവുകയും ചെയ്യും. അതായത് സൃഷ്ടിച്ച സ്ഥാപനങ്ങളുടെ പേരിലും അവയുടെ നടത്തിപ്പിന്റെ പേരിലും പിരിച്ചും സമ്പാദിച്ചും ശിഷ്ടായുസ്സ് കഴിക്കുവാൻ ആഗ്രഹിക്കുന്നവരും സ്ഥലം മാറ്റത്തിന് ആഗ്രഹിക്കുന്നില്ല.

സ്ഥലംമാറ്റത്തിന് അനുകൂലവും പ്രതികൂലവും എന്ന അടിസ്ഥാനത്തിൽ മേല്പട്ടക്കാരെ വിഭജിക്കുന്നതിൽ അർത്ഥമില്ല. ഓരോരുത്തർ എടുത്തിരിക്കുന്ന നിലപാടിന്റെ അടിസ്ഥാനം പലപ്പോഴും സ്വാർത്ഥതാല്പര്യങ്ങൾ തന്നെ. മാറ്റത്തിന് ആഗ്രഹിക്കുന്നവർ മെച്ചപ്പെട്ട ഭദ്രാസനങ്ങൾ അന്വേഷിക്കുന്നവരും മാറ്റം ആഗ്രഹിക്കാത്തവർ മാറ്റംകൊണ്ട് നഷ്ടം സംഭവിക്കുമെന്ന് ഭയപ്പെടുന്നവരുമാണ് എന്നു മാത്രം.

സ്ഥലംമാറ്റം നിലവിൽ വരുമ്പോൾ ആ സംവിധാനത്തെ നിയന്ത്രിക്കുന്നവർ സ്ഥലംമാറ്റത്തെ അനുകൂലിക്കുന്നു. കാരണം സ്ഥലംമാറ്റി മെത്രാന്മാരെ നിയന്ത്രിക്കുവാനും നിലയ്ക്കു നിർത്തുവാനും അതുവഴി അധികാരം വർദ്ധിപ്പിക്കുവാനും കഴിയുമെന്ന് അവർ കണക്ക് കൂട്ടുന്നു. കീഴ്സ്ഥാനങ്ങളിൽ ഇരിക്കുമ്പോൾ സ്ഥലംമാറ്റത്തെ എതിർക്കുകയും മേൽസ്ഥാനങ്ങളിൽ എത്തുമ്പോൾ ചുവട് മാറ്റി അതിന് അനുകൂലമാകുകയും ചെയ്യുന്നത് സ്വാഭാവീകമാണ്. അതുകൂടാതെ ഇതൊരു സ്ഥിരവിഷയമാക്കി ജനത്തെ ഇളക്കി തങ്ങളുടെ പ്രസക്തി നിലനിർത്തി നേതൃത്വത്തിൽ തുടരാൻ അന്വേഷിക്കുന്നവരും ഈ വിഷയം സജീവമായി നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. സഭാനേതൃത്വനിരകളിൽ തങ്ങളുടെ അസാന്നിദ്ധ്യം അവർക്ക് സഹിക്കാനാവില്ല. കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയുടെ ഭരണകാലത്ത് ഈ വിഷയം പൊടുന്നനെ ഉയർത്തി പ്രശ്നം വഷളാക്കിയതിൽ ഇത്തരക്കാരുടെ പങ്ക് നിർണ്ണായകമായിരുന്നു. ഭദ്രാസനത്തിൽ ജനസമ്മതി നഷ്ടപ്പെട്ടിട്ടും തുടരുന്ന മേൽപ്പട്ടക്കാർക്ക് മാറ്റമുണ്ടാകുന്നത് ഈ വഴി സാധിക്കുമല്ലോ എന്ന് കരുതി ശുദ്ധമനസ്ക്കരായ അച്ചന്മാരും അൽമായക്കാരും കൗശല-കൗടില്യ സമ്പന്നരായ ഇത്തരക്കാരുടെ വലയിൽ പെടുന്നു. ഈ നേതാക്കന്മാരെ സംബന്ധിച്ച് മേല്പട്ടക്കാരുടെ സ്ഥലമാറ്റം ലക്ഷ്യമൊന്നുമല്ല. അവരുടെ സാംഗത്യവും സ്ഥാനവും നിലനിർത്തുകയെന്നതാണ് അവരുടെ ആവശ്യം. അതിന് ജനത്തെ ഇളക്കുവാൻ പറ്റിയ

ഏതെങ്കിലും വിഷയം എന്നും വേണം.

സഭയിൽ മേല്പട്ടക്കാർക്ക് സ്ഥലംമാറ്റം വഴി ഭദ്രാസനഭരണം കൂടുതൽ കാര്യക്ഷമമാകും എന്ന് ചിന്തിക്കുന്ന ധാരാളം ശുദ്ധാത്മാക്കളുണ്ട്. ഭദ്രാസനകാര്യങ്ങൾ തൃപ്തികരമായി നിർവ്വഹിക്കാത്ത വൈദീക മേലദ്ധ്യക്ഷന്മാർക്ക് സ്ഥലംമാറ്റം നൽകിയാൽ കാര്യങ്ങൾ മെച്ചമാകും എന്നവർ ചിന്തിക്കുന്നു. എന്നാൽ സഭാശുശ്രൂഷയിൽ വേണ്ടത്ര ശ്രദ്ധിക്കാത്ത ഒരാൾ സ്വന്തം ഭദ്രാസനം വിട്ട് മറ്റൊന്നിൽ ചെന്നാൽ അവിടവും അയാൾ തകരാറിലാക്കും എന്ന് ഇവർ ചിന്തിക്കാറില്ല. കാര്യക്ഷമമായി സഭാശുശ്രൂഷ നടത്തിവരുന്ന ഒരു മേല്പട്ടക്കാരനെ മറ്റൊരിടത്തേക്ക് വിട്ടാൽ അതുവരെ ആ ഭദ്രാസനത്തിന് ഉണ്ടായിക്കൊണ്ടിരുന്ന വളർച്ച തടസ്സപ്പെടും എന്ന ചിന്തകൊണ്ട് അതിനോട് വിയോജിക്കുന്ന സഭാംഗങ്ങളും ഉണ്ട്. അതുകൊണ്ട് മേല്പട്ടക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വ്യത്യസ്തമായ വീക്ഷണങ്ങൾ അടിസ്ഥാനപരമായി പഠനവിധേയമാക്കേണ്ടതുണ്ട്.

ഒരു മേല്പട്ടക്കാരന് രണ്ട് തരത്തിൽ ഒരു ഭദ്രാസനത്തിൽ ശുശ്രൂഷ നിർവ്വഹിക്കാം. ഒന്ന് 1934-ലെ സഭാഭരണഘടനയുടെ നിയമസംവിധാനത്തിൽ ശുശ്രൂഷ പരിമിതപ്പെടുത്തിക്കൊണ്ട് ചട്ടപ്രകാരം ഭരണം നടത്തുക. ഇവിടെ നിശ്ചിത ഭരണഘടനാ നിർദ്ദേശങ്ങൾ നടപ്പിലാക്കുക മാത്രമാണ് മേല്പട്ടക്കാരന്റെ കർത്തവ്യം. ഇതുമാത്രമാണ് ഭദ്രാസന മെത്രാപ്പോലീത്തായുടെ ചുമതലയെങ്കിൽ ഭദ്രാസന മാറ്റം ആണ്ടുതോറും ആകാവുന്നതാണ്. അവിടെ ഭരണഘടനയിലെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന ഒരു യാന്ത്രിക വ്യക്തിത്വമാണ് അദ്ദേഹത്തിനുള്ളത്. 32 വർഷം കൊണ്ട് സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഭദ്രാസന അധിപനായി ഭരിക്കുവാനുള്ള അവസരവും കിട്ടും.

എന്നാൽ ഭദ്രാസനച്ചുമതലക്ക് ഇതുകൂടാതെ ചില തലങ്ങൾ ഉണ്ട് എന്ന് ചിന്തിക്കുന്നവർക്ക് ഈ തരത്തിലുള്ള സേവനം തൃപ്തികരമാകാൻ സാധ്യതയില്ല. അങ്ങനെയുള്ള ഒരാൾ തന്റെ റിട്ടയർമെന്റ് വരെയുള്ള കാലം കണക്ക് കൂട്ടി ഭദ്രാസനത്തിലെയും ജനങ്ങളുടെയും ആവശ്യങ്ങൾ, സാധ്യതകൾ, വിഭവ-ബൗദ്ധികശേഷി ഇവയെല്ലാം പരിഗണിച്ച് അതിന്റെ മതപരവും ഭൗതീകവുമായ വളർച്ചക്ക് ശ്രമിക്കുന്നു. ഇതിനിടെ കൂടെക്കൂടെ സ്ഥലംമാറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ ശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കാൻ ആകാതെ വരും. അതുകൊണ്ട് തന്റെ ഭദ്രാസനത്തോട് ആത്മാർത്ഥതയുള്ള, പ്രവർത്തനശേഷിയുള്ള ശുശ്രൂഷയെപ്പറ്റി നല്ല ധാരണയുള്ള ഒരു മേല്പട്ടക്കാരന് അർത്ഥവത്തായ രീതിയിൽ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് തടസ്സം വരുന്നു. അത്തരത്തിൽ ചിന്തിക്കുന്നവർക്ക് സ്ഥലമാറ്റ നിർദ്ദേശത്തോട് വിയോജിക്കുവാനേ സാധിക്കൂ. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് എപ്പിസ്കോപ്പൽ ശുശ്രൂഷ പുനർനിർവ്വഹിക്കപ്പെടേണ്ടതുണ്ട്.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽനിന്ന് തുടർച്ച)*

ബോധവും ധാർമ്മികതയും സമൂഹത്തെയുള്ള ഭയവുമാണ് അതിനെ നിയന്ത്രിക്കുകയും പരുവപ്പെടുത്തുകയും ചെയ്യുന്നത്. ഇവയുടെ നിയന്ത്രണശേഷി ദുർബ്ബലമാകുമ്പോൾ ലൈംഗീകതയുടെ പവിത്രതയും ആ പവിത്രതയുടെ ആവശ്യവും അപ്രസക്തമായിത്തീരുന്നു. അത് ഭാര്യാഭർത്തൃബന്ധത്തെ ഉലയ്ക്കുകയും അതിന്റെ ഇഴകളെ ദുർബ്ബലമാക്കുകയും ചെയ്യുന്നു. ഇതാണ് അവർ തമ്മിലുള്ള പ്രണയത്തെ ശിഥിലീകരിക്കുന്നത്. അതുമൂലമുണ്ടാകുന്ന നീരസവും വെറുപ്പും വഴിപിരിയലിനും പ്രതികാരത്തി നും ഇടവരുത്തുന്നു. അങ്ങനയാണ് പ്രണയസംബന്ധമായ അധികം കൊലപാതകങ്ങളും സംഭവിക്കുന്നത്.

സമീപ കാലത്ത് നടന്ന ‘ചുംബന’, ‘ഒരുമിച്ചിരിക്കൽ’ സമരങ്ങൾ നമ്മുടെ യുവതീയുവാക്കളിൽ ഒരു വൈകാരിക ഇളക്കം (flutter) സൃഷ്ടിച്ചിട്ടുള്ളതായി തോന്നുന്നു. “ഞങ്ങളുടെ ശരീരം ഞങ്ങളുടേതാണ്. അത് ഞങ്ങളുടെ ഇഷ്ടം പോലെ വിനിയോഗിക്കും” എന്നവർ പ്രഖ്യാപിക്കുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തതായി മാധ്യമങ്ങളിൽ കണ്ടു. ഇതൊക്കെ നമ്മുടെ യുവജനങ്ങളെ ഏതുതരം സാമൂഹ്യമാറ്റത്തിലേക്കാണ് കൊണ്ടെത്തിക്കുന്നതെന്ന് അവരെ പിന്തുണയ്ക്കുന്നവർ പ്രശ്നമാക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഇപ്രകാരമുള്ള മനോഭാവങ്ങളുടെയും കാഴ്ചപ്പാടുകളുടെയും പരിണതഫലമായാണ് പ്രണയസംബന്ധമായ കൊലപാതകങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത്. ഭീകരവാദമൊ പ്രണയമൊ ആണ് കൂടുതൽ കൊലപാതകങ്ങൾ സൃഷ്ടിക്കുന്നത് എന്നതല്ല നമ്മുടെ മുമ്പിലുള്ള പ്രശ്നം. നേരെ മറിച്ച് ഈ രണ്ടു വിധത്തിലുള്ള ദുരന്തങ്ങളും നമ്മുടെ സമൂഹത്തിൽ ഉണ്ടാകാതെ സൂക്ഷിക്കുക എന്നതാണ്.

മാനേജിംഗ് എഡിറ്റർ

ലേഖനം

# മദ്യനിരോധനം ഗാന്ധിയൻ കാഴ്ചപ്പാടിൽ

(തുടർച്ച)

പ്രൊഫ. ഡോ. എം.പി. മത്തായി

ഇന്ത്യയിൽ മദ്യവ്യവസായവും വ്യാപാരവും നിയമനിർമ്മാണം വഴി ക്രമീകരിച്ചത് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ്. 1790-ലാണ് കമ്പനി അബ്കാരി എക്സൈസ് സംവിധാനം ഏർപ്പെടുത്തിയത്. മദ്യം ഉത്പാദിപ്പിക്കാനും വ്യാപാരം ചെയ്യാനുമുള്ള അവകാശം ലേലം ചെയ്ത് നല്കുന്ന സംവിധാനമായിരുന്നു അത്. കൊള്ളലാഭമുണ്ടാക്കാവുന്ന ഏർപ്പാടാണ് മദ്യനിർമ്മാണവും വ്യാപാരവും എന്നു മനസ്സിലാക്കിയ അബ്കാരി ഇടപാടുകാർ സർക്കാരിന്റെ പിന്തുണയോടെ മദ്യപാനം വ്യാപകമാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തി. ജനങ്ങൾ മദ്യത്തിനടിമകളായിത്തീർന്ന് ദുരിതമനുഭവിച്ച് നശിച്ചാലും സാരമില്ല സർക്കാരിന് കൃത്യമായ റവന്യൂ വരുമാനവും മദ്യക്കരാറുകാർക്ക് കൊള്ളലാഭവും കിട്ടിയാൽ മതി എന്ന സ്ഥിതിവിശേഷമുണ്ടായി. തുടർന്ന് ബ്രിട്ടീഷ് ചക്രവർത്തിയുടെ ഭരണത്തിനു കീഴിലും സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ജനാധിപത്യ ഭരണക്രമത്തിലും മദ്യത്തിൽ നിന്നുള്ള വരുമാനം സ്റ്റേറ്റിന്റെ മൊത്തം റവന്യൂ വരുമാനത്തിലെ ഒരു മുഖ്യ ഇനമായിത്തീർന്നു. ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാൻ പണം ആവശ്യമാണെന്നും പണം സമാഹരിക്കാനുള്ള എളുപ്പവഴിയാണ് മദ്യത്തിൽ നിന്നുള്ള വരുമാനമെന്നുമാണ് ഭരണകൂടന്യായം. മദ്യവ്യാപാരികളും മദ്യവിപണനത്തെ അംഗീകരിക്കുന്ന മറ്റുള്ളവരും ഒരേ സ്വരത്തിൽ ഈ വാദഗതി അവതരിപ്പിക്കാറുണ്ട്. മദ്യത്തിൽനിന്നുള്ള വരുമാനം പ്രതിവർഷം വൻതോതിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മദ്യത്തിൽനിന്നുള്ള വരുമാനം വർദ്ധിക്കുന്നതിൽ അഭിമാനം കൊള്ളുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും നമ്മുടെ നാട്ടിൽ വിരളമല്ല. ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ പോളിസി റിസേർച്ച് 2014 നവംബർ 14-ന് പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ ചൂണ്ടിക്കാട്ടുന്നത് ഇറക്കുമതി ചെയ്യുന്ന വിദേശമദ്യത്തിന്റെ (I.F.L.) ഡിമാന്റ് ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഈ പ്രവണത ഫലപ്രദമായി ചൂഷണം ചെയ്താൽ ഐ.എഫ്.എൽ. ഇറക്കുമതിവഴി ലഭിക്കുന്ന വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും. അതുകൊണ്ട് ഐ.എഫ്.എൽ. അനായാസം ഇറക്കുമതി ചെയ്യാൻ കഴിയുന്ന വിധം നിലവിലുള്ള എക്സൈസ് നിയമങ്ങൾ ഭേദഗതി ചെയ്ത് ഈ മേഖലയിലും പൂർണ്ണ ഉദാരവൽക്കരണം നടപ്പിലാക്കണമെന്നാണ്. രാഷ്ട്രീയക്കാർ മാത്രമല്ല സാമ്പത്തികവിദഗ്ദ്ധരും മദ്യത്തെ ഒരു നല്ല വരുമാനസ്രോതസ്സായി കണക്കാക്കുന്നവരാണെന്നാണ് ഈ പഠനം വെളിപ്പെടുത്തുന്നത്. മദ്യത്തിൽ നിന്നുള്ള വരുമാനം വർദ്ധിക്കുന്നു എന്നതിനർത്ഥം സമൂഹത്തിൽ മദ്യപാനം വർദ്ധിക്കുന്നു എന്നതാണ്. മദ്യപാനം വർദ്ധിക്കുമ്പോൾ മദ്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ, റോഡ് അപകടങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങിയവ വർദ്ധിക്കുകതന്നെ ചെയ്യും. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ആരോഗ്യവും സമാധാനവും സുസ്ഥിതിയും തകർത്തുകൊണ്ട് ഖജനാവിലെ വരുമാനം കൂട്ടുന്നതിന്റെ ന്യായവും യുക്തിയും അതിവിചിത്രം തന്നെയാണ്. അർത്ഥശൂന്യവും അധാർമ്മികവുമായ ഒരു നടപടിയാണിത്. മദ്യത്തിൽ നിന്നുള്ള വരുമാനത്തെ "പാപത്തിന്റെ കൂലി" എന്നാണ് ഗാന്ധിജി വിശേഷിപ്പിച്ചത്. ധനാഗമനത്തിനുവേണ്ടി അധാർമ്മിക വ്യവഹാരങ്ങളെ നിയമവിധേയമാക്കുന്നതിനെ ഗാന്ധിജി ശക്തിയുക്തം എതിർത്തിരുന്നു. 1938 ഡിസംബർ 24-ലെ 'ഹരിജനി'ൽ അദ്ദേഹം എഴുതി. 'നിശ്ചിതകാലത്തിനുള്ളിൽ ഇന്ത്യയ്ക്ക് ഈ ശാപത്തിൽനിന്ന് മോചനം വേണമെന്നുണ്ടെങ്കിൽ പണമില്ലാത്തതുകൊണ്ടോ, നികുതി കമ്മിയാകുമെന്ന ഭയംകൊണ്ടോ കാലവിളംബം കൊണ്ടോ പാടില്ല. 'വരുമാനത്തെ സംബന്ധിച്ച് ഗാന്ധിജിയുടെ ഈ നിലപാട് ജവഹർലാൽ നെഹ്റുവും അംഗീകരിച്ചിരുന്നു. ഒരു മദ്യനിരോധനസമ്മേളനത്തിന് നെഹ്റു അയച്ചുകൊടുത്ത സന്ദേശം ശ്രദ്ധിക്കുക. "മദ്യനിരോധനം നടപ്പാക്കേണ്ട കാര്യമാണെന്ന് സമ്മതിക്കുമെങ്കിൽ അതിനുള്ള തടസ്സങ്ങളെ നിശ്ചയദാർഢ്യത്തോടെ തരണം ചെയ്യുകയാണ് ആവശ്യം. തടസ്സവാദങ്ങൾ ഉന്നയിക്കുകയല്ല."സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മദ്യവ്യവസായവും വ്യാപാരവും പ്രോത്സാഹിപ്പിക്കണം. എന്നു വാദിക്കുന്നവർ ആധുനിക ഭാരതത്തിന്റെ ശില്പികളുടെ സ്വപ്നങ്ങളെയും വീക്ഷണങ്ങളെയുമാണ് നിരാകരിക്കുന്നത് എന്ന സത്യം നാം തിരിച്ചറിയണം. മാത്രമല്ല മദ്യത്തെ പ്രോത്സാഹിപ്പിക്കുന്നത്

തികച്ചും മനുഷ്യത്വരഹിതവും ജനക്ഷേമവിരുദ്ധവുമായ നടപടിയാണു താനും.

മദ്യം നിരോധിച്ചാൽ മദ്യത്തിന്റെ നിർമ്മാണ-വിപണന മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിലിന്റെ പ്രശ്നം എങ്ങനെ നേരിടും എന്നത് വിവാദങ്ങൾക്കും സമരങ്ങൾക്കും ഇടയാക്കിയിട്ടുള്ള പ്രശ്നമാണല്ലോ. മദ്യം നിരോധിച്ചാൽ ഈ മേഖലയിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായി കഷ്ടപ്പാടിലാകുമെന്നും അതുകൊണ്ട് മദ്യനിരോധനം പാടില്ലെന്നുമാണ് ട്രേഡ് യൂണിയനുകൾ സ്വീകരിച്ചിട്ടുള്ള പൊതുനിലപാട്. മദ്യനിരോധനത്തിനുവേണ്ടി വാദിക്കുന്നവരും സമരം ചെയ്യുന്നവരും തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളാണെന്ന പ്രചാരണം തൊഴിലാളി യൂണിയനുകൾ നിരന്തരമായി നടത്തിവരുന്നുണ്ട്. മദ്യവിരുദ്ധപ്രവർത്തകരെ യാഥാർത്ഥ്യബോധമില്ലാത്ത വെറും ധാർമ്മിക വാദികളും സ്വപ്നജീവികളുമായിട്ടാണ് തൊഴിലാളി യൂണിയൻ നേതാക്കൾ ചിത്രീകരിക്കുന്നത്. മദ്യവുമായി ബന്ധപ്പെട്ട തൊഴിലുകളെ ആശ്രയിച്ച് ജീവിക്കുന്നവർ വഴിയാധാരമാകട്ടെ എന്ന പക്ഷക്കാരനായിരുന്നില്ല ഗാന്ധിജി. മദ്യനിരോധനരംഗത്ത് പ്രവർത്തിക്കുന്ന ഗാന്ധിമാർഗ്ഗ പ്രവർത്തകരും ഗാന്ധിജിയെപ്പോലെതന്നെ തൊഴിലാളികളോട് അനുഭാവവും അനുകമ്പയും പുലർത്തുന്നവരാണ്. മദ്യത്തിന്റെ നിർമ്മാണവും വില്പനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയപ്പോൾ ഈ മേഖലയിലെ തൊഴിലിനെയും തൊഴിലാളികളേയും വേർതിരിച്ച് കാണുകയാണ് ഗാന്ധിജി ചെയ്തത്. മദ്യനിർമ്മാണവും വില്പനയും സാമൂഹ്യവിരുദ്ധമായ പ്രവൃത്തിയാണെന്നതിൽ ഗാന്ധിജിക്ക് യാതൊരു സംശയവുമുണ്ടായിരുന്നില്ല. വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും നാടിനും നാശം മാത്രം സംഭാവനചെയ്യുന്ന മദ്യനിർമ്മാണവും വിതരണവും സംരക്ഷിക്കേണ്ട യാതൊരു ബാദ്ധ്യതയും സമൂഹത്തിനോ, സർക്കാരിനോ ഇല്ല എന്ന ഉറച്ച പക്ഷക്കാരനായിരുന്നു അദ്ദേഹം. ഈ മേഖലയിലെ തൊഴിലും തന്മൂലം സംരക്ഷിക്കപ്പെടേണ്ടതല്ല. ഈ മേഖല എത്ര വേഗം ശൂന്യമാകുന്നുവോ അത്രയും വേഗം സമൂഹം സമാധാനവും ക്ഷേമവും കൈവരിക്കും എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് മദ്യവ്യവസായമേഖല യാതൊരുവിധ സംരക്ഷണവും അർഹിക്കുന്നില്ല.

എന്നാൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ മറ്റെല്ലാവരെയും പോലെ മാനുഷിക പരിഗണന അർഹിക്കുന്ന സഹോദരങ്ങളായി അംഗീകരിക്കപ്പെടണം എന്ന കാര്യത്തിലും ഗാന്ധിജി നിർബ്ബന്ധബുദ്ധി കാട്ടിയിരുന്നു. അവരെ തൊഴിലില്ലായ്മയുടെ ദുരിതങ്ങൾ പേറാൻ കൈയൊഴിയരുത് എന്നും അവർക്ക് മാന്യമായി ജീവിക്കാൻ കഴിയുംവിധം പകരം തൊഴിലുകൾ സൃഷ്ടിച്ചോ, കണ്ടെത്തിയോ കൊടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനായി സൂചനകൾ എന്ന നിലയിൽ ചില നിർദ്ദേശങ്ങളും അദ്ദേഹം നല്കി. മദ്യശാലകളെ ലഘുഭക്ഷണശാലയും സംഗീതശാലയും കൂടിച്ചേർന്ന സംവിധാനമാക്കി മാറ്റിയാൽ അവിടെ തൊഴിൽ ചെയ്തിരുന്നവർക്ക് സ്വാഭാവികമായും സംരക്ഷണം നല്കാൻ സാധിക്കും. നമ്മുടെ നാട്ടിലെ മദ്യഷാപ്പുകളെ ഹോട്ടലുകളോ, ലഘുഭക്ഷണശാലകളോ ആക്കി മാറ്റി അവിടുത്തെ തൊഴിലാളികളെ തുടർന്നും നിലനിർത്താൻ അനായാസം സാധിക്കുന്നതാണ്. മദ്യം ഉത്പാദിപ്പിക്കുന്ന ഡിസ്റ്റിലറികളെ മരുന്നു നിർമ്മാണത്തിനുപകരിക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളാക്കി രൂപാന്തരപ്പെടുത്താൻ സാധിക്കും എന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതുവഴി തൊഴിൽ സംരക്ഷിക്കാനാവുമെന്ന് വ്യക്തമാണല്ലോ. മദ്യം നിരോധിച്ചാൽ ചെത്ത് നിറുത്തണമെന്ന് നിർബന്ധമില്ലെന്നും ഗാന്ധിജി ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പന, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളിൽനിന്നും പുളിപ്പിക്കാത്തതും മദ്യാംശം ഇല്ലാത്തതുമായ നീരപോലുള്ള ശീതളപാനീയങ്ങൾ ഉത്പാദിപ്പിക്കാവുന്നതാണ്. അപ്പോൾ ചെത്തുകാർക്ക് തൊഴിൽ നഷ്ടപ്പെടുകയില്ല. കല്പവൃക്ഷത്തിൽനിന്നും കാളകൂടം ഉത്പാദിപ്പിക്കണമെന്ന് നിർബ്ബന്ധം പിടിക്കരുതെന്നുമാത്രം. കള്ളിൽനിന്ന് ചൊറുക്ക, ചക്കര, പാനി തുടങ്ങിയ ആരോഗ്യദായകമായ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഇവയൊക്കെ കുടിൽവ്യവസായമായി പുനഃസംഘടിപ്പിക്കാവുന്നതുമാണ്. മദ്യനിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ചെത്തുകാരല്ലാത്ത തൊഴിലാളികളെ ഈ മേഖലയിൽ പുനരധിവസിപ്പിക്കാനും സാധിക്കും.

ഇത്തരം നടപടികൾ കൈക്കൊണ്ടാലും തൊഴിൽ ലഭിക്കാതെവരുന്നവരുണ്ടെങ്കിൽ അവരെ പുനരധിവസിപ്പിക്കാൻ ഭരണകൂടവും സന്നദ്ധസംഘടനകളും മുൻകൈ എടുക്കണം. കച്ചവടം, കുടിൽ വ്യവസായം തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാൻ ഇവർക്ക് ബാങ്കുകളിൽനിന്നും ഉദാരമായ വ്യവസ്ഥകളിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ഉറപ്പ് ഗവൺമെന്റ് നല്കാൻതയ്യാറാകണം. ഭരണാധികാരികളും സാമൂഹ്യസംഘടനകളും സഹകരിച്ചു പ്രവർത്തിച്ചാൽ

ഇവരെ പുനരധിവസിപ്പിക്കാൻ സാധിക്കുമെന്ന് ഉറപ്പാണ്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ മദ്യനിരോധനപ്രവർത്തനങ്ങൾ നടന്നിരുന്ന കാലത്ത് അത്രകണ്ട് പ്രകടമല്ലാതിരുന്ന ചില ദുഷ്പ്രവണതകൾ മദ്യവ്യവസായത്തൊഴിലാളികൾ സുസംഘടിതരായതോടെ ശക്തി പ്രാപിച്ച് പ്രത്യക്ഷമായിക്കഴിഞ്ഞിട്ടുണ്ട് ഇന്ന്. ഒരു കാരണവശാലും മദ്യനിരോധനം അനുവദിച്ചുകൊടുക്കാനാവില്ലെന്ന് തൊഴിലാളി യൂണിയനുകൾ ഇന്നു വാശിപിടിക്കുന്നു. ലളിതവും വ്യക്തവുമാണ് ഈ വാശിക്കു പിന്നിലെ കാരണം. മദ്യവ്യാപാരമേഖലയിൽ പണിയെടുക്കുന്നവർക്കു കിട്ടുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും മറ്റ് മേഖലകളിലേതിനെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഈ തൊഴിലിൽ നിന്ന് മറ്റൊരു തൊഴിലിലേക്ക് മാറേണ്ടിവന്നാൽ നേരിടുന്ന ധനനഷ്ടം വമ്പിച്ചതായിരിക്കും. അതുകൊണ്ട് ഈ മേഖലയിൽ തന്നെ തുടരണമെന്ന് അവർ വാശിപിടിക്കും. തൊഴിലാളികളെക്കാൾ സാമ്പത്തികനേട്ടം കൊയ്യുന്നവർ മദ്യവ്യവസായത്തൊഴിലാളി യൂണിയനുകളുടെ നേതാക്കന്മാരാണ്. ചെറുകിട അബ്കാരി മുതലാളിമാരെക്കാൾ ആഡംബരത്തിലും പ്രതാപത്തിലും ജീവിക്കാനുള്ള പിൻവരുമാനം യൂണിയൻ നേതാക്കന്മാർക്കുണ്ട്. എന്നത് പരസ്യമായ രഹസ്യമാണ്. മദ്യവ്യവസായത്തൊഴിലാളി യൂണിയനുകളുടെ നേതൃത്വം അങ്ങനെ ഒരു സ്ഥാപിത താത്പര്യമായി പരിണമിച്ചിരിക്കുന്നു നമ്മുടെ നാട്ടിൽ. അതുകൊണ്ട് എത്ര തൊഴിലുറപ്പു നല്കിയാലും വാശിയോടെ മദ്യനിരോധനത്തെ എതിർക്കുന്ന ഒരു വിഭാഗമാക്കി തൊഴിലാളികളെ പരിശീലിപ്പിച്ച് ഒരുക്കിയിരിക്കുന്നു ഈ നാട്ടിൽ.

മദ്യവ്യാപാരരംഗത്ത് തൊഴിൽ ചെയ്യുന്നവരോട് ഗാന്ധിജി ചെയ്ത ഒരഭ്യർത്ഥനയുണ്ട്. മദ്യം കൊണ്ട് നശിക്കുന്നവരിൽ ഭൂരിപക്ഷവും തൊഴിലാളികളും പാവപ്പെട്ടവരുമാണെന്ന് ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യണം. അതുകൊണ്ട് സമൂഹത്തിന് പൊതുവിലും സാധാരണ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും പ്രത്യേകിച്ചും വിനാശകരമായ ഈ തൊഴിലിൽനിന്ന് അല്പം ത്യാഗം സഹിക്കേണ്ടിവന്നാലും അവർ പിന്മാറുകയും മദ്യനിരോധനത്തെ പിന്തുണയ്ക്കുകയും വേണം. മദ്യനിരോധനം ആത്യന്തികമായി അവർക്കുതന്നെ ഗുണകരമായി അനുഭവപ്പെടും. കാരണം, മദ്യത്തിൽനിന്ന് രക്ഷപ്പെടുന്നതോടെ വ്യക്തികളുടെ ആരോഗ്യം മെച്ചപ്പെടും. കുടുംബങ്ങളിലും അയൽക്കൂട്ടങ്ങളിലും സമാധാനവും സന്തോഷവും കളിയാടും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും. അതുവഴി ജീവിതനിലവാരം ഉയരും. അപകടങ്ങളും കുറ്റകൃത്യങ്ങളും കുറയുകവഴി പൊതുജീവിതം കൂടുതൽ ക്ഷേമൈശ്വര്യസമൃദ്ധമാകും. ഈ വസ്തുതകൾക്കുനേരെ മനഃപൂർവ്വം കണ്ണടച്ചുകൊണ്ട് മദ്യവ്യാപാരം തുടരണം എന്നു വാശി പിടിക്കുന്നവരെ സത്യാഗ്രഹമാർഗ്ഗത്തിൽക്കൂടി നേരിട്ട് നേർവഴിക്ക് കൊണ്ടുവരാൻ ശ്രമിക്കുകയാണു വേണ്ടത് എന്നും ഗാന്ധിജി നിർദ്ദേശിച്ചിട്ടുണ്ട്.

മദ്യനിരോധനവും വ്യക്തിസ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും ഗാന്ധിജി തന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. മദ്യനിരോധനത്തിനെതിരായി ബുദ്ധിജീവികളിൽ ഒരു വിഭാഗം ഉന്നയിക്കുന്ന വാദമാണ് വ്യക്തിസ്വാതന്ത്ര്യവാദം. എന്തു കുടിക്കണം, കുടിക്കരുത് എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിയുടെ മൗലികാവകാശമാണ്. അതുകൊണ്ട് മദ്യനിരോധനം വ്യക്തിസ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റമാണ്; അതുകൊണ്ട് അത് അംഗീകരിക്കാനാവില്ല.

മദ്യനിരോധനം വ്യക്തിസ്വാതന്ത്ര്യത്തെ കയ്യേറ്റം ചെയ്യുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ എന്ന പ്രശ്നം പരിശോധിക്കുമ്പോൾ വ്യക്തിസ്വാതന്ത്ര്യമെന്നാൽ എന്താണ് എന്നുകൂടി പരിശോധിക്കേണ്ടിവരും. ഒരു വ്യക്തിക്ക് അനുനിമിഷമുണ്ടാകുന്ന തോന്നലുകളനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം എന്ന നിലയിലാണ് വ്യക്തിസ്വാതന്ത്ര്യവാദികൾ വ്യക്തിസ്വാതന്ത്ര്യത്തെ സങ്കല്പനം ചെയ്യുന്നത്. തികച്ചും അപ്രായോഗികവും അനഭിലഷണീയവും അപകടകരവുമായ ഒരു സങ്കല്പമാണിത്. ഒരു സാമൂഹ്യവ്യവസ്ഥതിയും ഈവിധം അനിയന്ത്രിതമായ വ്യക്തിസ്വാതന്ത്ര്യം വിഭാവനം ചെയ്യുന്നില്ല. അനിയന്ത്രിതവും അപരിചിതവുമായ സ്വാതന്ത്ര്യം പ്രയോഗിക്കപ്പെടുന്ന ഒരു സാഹചര്യത്തിൽ മനുഷ്യർക്ക് ഒരുമിച്ച് ഒരു സമൂഹമായി ജീവിക്കാൻപോലും കഴിയാതെവരും. കാരണം തികഞ്ഞ അരാജകത്വമാവും അവിടെ നിലനില്ക്കുക. വ്യക്തി സ്വാതന്ത്ര്യത്തിന് നിശ്ചയമായും പരിധികളും പരിമിതികളും ഉണ്ട്. ഉണ്ടായേ മതിയാവുതാനും. "കൈ നീട്ടാനുള്ള എന്റെ സ്വാതന്ത്ര്യം അപരന്റെ നാസാഗ്രത്തിൽ അവസാനിക്കും" എന്ന ആ പഴയ വ്യക്തിസ്വാതന്ത്ര്യസങ്കല്പമുണ്ടല്ലോ. അത് ഇന്നും എന്നും പ്രസക്തമാണ്. അപരന്റെ മൂക്കിന്റെ അറ്റം കഴിഞ്ഞ് കൈ നീട്ടാൻ എനിക്ക് സ്വാതന്ത്ര്യമില്ലതന്നെ; അപരനും. മനുഷ്യൻ സാമൂഹ്യജിവിയാണെന്ന് അംഗീകരിക്കുന്ന ആരും

വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഈ സ്വാഭാവിക സീമകൾ അംഗീകരിക്കാതെ തരമില്ല. മദ്യം ഉൾപ്പെടെ ഇഷ്ടമുള്ളതെന്തും കുടിക്കുവാൻ തങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടെന്നു വാദിക്കുന്നവർ വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഈ സ്വാഭാവികപരിധികൾ അംഗീകരിക്കാൻ മനഃപൂർവ്വം മടിക്കുന്ന പിടിവാശിക്കാരാണ്. സമൂഹത്തിൽ ജീവിക്കുന്ന ഒരാൾക്കും യഥേഷ്ടം എന്തു ചെയ്യുവാനും എന്തും കുടിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ടാവുക സാധ്യമല്ല. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ മേന്മ കുടികൊള്ളുന്നത് സഹജീവികൾക്കുകൂടി പ്രയോജനകരമാകും വിധം സ്വന്തം സ്വാതന്ത്ര്യം വിനിയോഗിക്കുന്നതിലാണ്. ഒരു വ്യക്തി സ്വന്തം സ്വാതന്ത്ര്യമുപയോഗിച്ച് ഒരു പ്രവൃത്തി ചെയ്യുമ്പോൾ അയാളും അയാളുടെ പ്രവൃത്തിയും ഫലത്തിൽ മാതൃകകളായിത്തീരുകയാണ്. മറ്റുള്ളവരെ അപ്രകാരം ചെയ്യാൻ ഭംഗ്യന്തരേണ ക്ഷണിക്കുകയും പ്രേരിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് സ്വന്തം പ്രവൃത്തി മാതൃകായോഗ്യമാക്കാൻ സമൂഹത്തെയും സ്വാതന്ത്ര്യത്തെയും മാനിക്കുന്നവർ ബോധപൂർവ്വം ശ്രദ്ധിക്കേണ്ടതുണ്ട്. മദ്യപാനം മാതൃകായോഗ്യമായ ഒരു പ്രവൃത്തിയാണെന്ന് സാമാന്യബോധമുള്ള ആരും സമ്മതിക്കുകയില്ല. സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുകയല്ല, നശിപ്പിക്കുകയാണ് മദ്യം ചെയ്യുന്നത്. ഇന്ത്യയിലെ സവിശേഷ സാഹചര്യത്തിൽ മദ്യപാനംമൂലം നശിപ്പിക്കുന്നത് ഇവിടുത്തെ സമ്പന്നരോ, അഭ്യസ്തവിദ്യരോ അല്ല, മറിച്ച് വെറും സാധാരണ മനുഷ്യരാണെന്ന വസ്തുതയും നാം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. വ്യക്തി സ്വാതന്ത്ര്യവാദത്തിന്റെ സങ്കീർണ്ണതകളൊന്നും അവരുടെ ജീവിതത്തെ ബാധിക്കുന്ന കാര്യമല്ല. അവർ മദ്യത്തിനടിമപ്പെടുകയും സ്വയം നശിക്കുകയും കുടുംബത്തെ നശിപ്പിക്കുകയുമാണ് ഫലത്തിൽ ചെയ്യുന്നത്. ഈ സത്യം വ്യക്തി സ്വാതന്ത്ര്യവാദികൾ കാണണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്തു. 1938, ജൂണിലെ ഹരിജൻ വാരികയിൽ ഇതേപ്പറ്റി അദ്ദേഹം എഴുതി: "വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ സംസാരിക്കുന്നവർക്ക് അവരുടെ ഇന്ത്യയെ അറിഞ്ഞുകൂടാ. മദ്യപിക്കാനുള്ള സൗകര്യങ്ങൾ ഗവൺമെന്റിൽനിന്നും ആവശ്യപ്പെടാൻ ഉള്ളിടത്തോളംതന്നെ അവകാശം ഒരാൾക്ക് തന്റെ കാമവികാരത്തിന്റെ സംതൃപ്തിയ്ക്ക് കുലടകളെ കൊടുക്കണമെന്ന് അവകാശപ്പെടാനുമുണ്ട്." ഇത് നടപ്പുള്ള കാര്യമാണെന്ന് ആരും വാദിക്കുമെന്നു തോന്നുന്നില്ല. ഒരു തരത്തിലുള്ള നന്മയെയും സൃഷ്ടിക്കുകയോ വളർത്തുകയോ ചെയ്യാത്തതും, തിന്മകളെ മാത്രം പ്രോത്സാഹിപ്പിക്കുന്നതുമായ മദ്യം സുലഭമായ ഒരു സമൂഹത്തിൽ വ്യക്തി സ്വാതന്ത്ര്യം വെറുമൊരു മരീചിക മാത്രമായിരിക്കും. ഒരു മദ്യരഹിത സമൂഹത്തിൽ മാത്രമേ ശരിയായ വ്യക്തിസ്വാതന്ത്ര്യം അനുഭവവേദ്യമാവുകയുള്ളൂ.

അടിസ്ഥാനപരമായ ഒരു സാമൂഹ്യപരിഷ്കരണ സംരംഭം എന്ന കാഴ്ചപ്പാടിലാണ് ഗാന്ധിജി മദ്യനിരോധനം എന്ന പരിപാടി തന്റെ നിർമ്മാണ പരിപാടികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഫലപ്രദമായി നടപ്പാക്കുമെങ്കിൽ മദ്യനിരോധനം വിപ്ലവാത്മകമായ സാമൂഹ്യ പരിവർത്തനം യാഥാർത്ഥ്യമാക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചു. മദ്യനിരോധനപ്രവർത്തനം ഏറ്റെടുത്ത് വിജയിപ്പിക്കാൻ അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കമ്മിറ്റികളെ അദ്ദേഹം ആഹ്വാനം ചെയ്തു. ഡോക്ടർമാരോടും വിദ്യാർത്ഥികളോടും വനിതകളോടും മദ്യനിരോധനയജ്ഞത്തിന്റെ മുന്നണിപോരാളികളാകാൻ അദ്ദേഹം ആവശ്യപ്പെട്ടു. അധികാരക്ഷേത്രത്തിന്റെ ഓരങ്ങളിൽപ്പോലും നില്ക്കാൻ ശ്രമിക്കാത്ത മഹാത്മാവ് മദ്യനിരോധനകാര്യത്തിലുള്ള തന്റെ പ്രതിബദ്ധത ഇങ്ങനെപോലും രേഖപ്പെടുത്തി. "അരമണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ ഭരണാധികാരിയാകുമെങ്കിൽ ഞാൻ ആദ്യം ചെയ്യുന്നത് ഇവിടുത്തെ മുഴുവൻ മദ്യശാലകളും യാതൊരു നഷ്ടപരിഹാരവും നല്കാതെ അടച്ചുപൂട്ടുകയാകും."

മദ്യനിരോധന കാര്യത്തിൽ രാഷ്ട്രപിതാവ് സ്വീകരിച്ച തീവ്ര നിലപാട് നമ്മെ അനുകൂലമായി പ്രകോപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തെങ്കിൽ!


**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ

വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.

സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid)

*പ്രവേശനം നൽകുന്നു*

ലേഖനം

# സഭയും സഭാ സ്ഥാപനങ്ങളും

(തുടർച്ച)

ഫാ. ഡോ. ജോർജ്, കാരക്കുന്നേൽ

**സ്വയം വിമർശനം, നവീകരണം**

സഭാസ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സുവിശേഷപരമായ സാക്ഷ്യം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിഘാതമായി നിൽക്കുന്നതു പലപ്പോഴും സ്ഥാപനത്തിന്റെ നേതൃത്വവും ഉദ്യോഗം വഹിക്കുന്നവരുമാണ്. സഭ എന്നും നവീകരിക്കപ്പെടേണ്ടതാണ് (Ecclesia est semper reformanda) എന്ന് സഭയെക്കുറിച്ചു പറയുന്നതുപോലെ സഭാസ്ഥാപനത്തെക്കുറിച്ചും പറയാം. സഭാസ്ഥാപനങ്ങൾ സദാ നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. മിഷനെസംബന്ധിച്ച് നാഷണൽ കൺസൾട്ടേഷൻ പ്രസ്താവിച്ചത് ശ്രദ്ധേയമാണ്. "എല്ലാ ക്രൈസ്തവസ്ഥാപനങ്ങളും വിലയിരുത്തപ്പെടണം. ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെ അടയാളങ്ങളാണോ അവയെന്നറിയാൻ ഇതാവശ്യമാണ്. നീതിയും ആത്മാർത്ഥതയും എല്ലാറ്റിനും പുലർത്തണം. പ്രത്യേകിച്ച്, സഹായമർഹിക്കുന്നവരിലേക്ക് എത്തിച്ചേരാൻ കൂടുതൽ ശ്രമിക്കണം. സമീപത്തുള്ള പാവപ്പെട്ടവർക്ക് നമ്മുടെ ക്ലാസ്സുമുറികളും മറ്റു സ്ഥലങ്ങളും പഠനത്തിനു ലഭ്യമാക്കണം. വ്യക്തിപരമായ തലത്തിൽ, ആഴമുള്ള ആദ്ധ്യാത്മികതയും പ്രാർത്ഥനാ ജീവിതശൈലിയുമാണാവശ്യം."5

സഭ നവീകരിക്കപ്പെടേണ്ടതു സുവിശേഷചൈതന്യത്താലാണ്. അതുപോലെതന്നെ സഭാസ്ഥാപനങ്ങളും. സ്വയം വിമർശനം നവീകരണത്തിന്റെ ആദ്യപടിയാണ്. സുവിശേഷമൂല്യങ്ങളുടെ വെളിച്ചത്തിലാണ് സ്വയം വിമർശനം നടത്തേണ്ടത്. സ്ഥാപനത്തിന്റെ നേതൃത്വവും ഉദ്യോഗസമൂഹവും ഇതിനു പലപ്പോഴും തയ്യാറല്ല എന്നതു വസ്തുതയാണ്. സ്ഥാപനം സ്വയം വിമർശനത്തിനു തയ്യാറാവുക എന്നു പറഞ്ഞാൽ സ്ഥാപനം നടത്തുന്നവർ സ്വയം വിമർശനത്തിനു തയ്യാറാവുക എന്നതാണ് അതിന്റെ പ്രായോഗികാർത്ഥം. സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം വഹിക്കുന്നവർ ആരുതന്നെയായാലും സ്വയം വിമർശനത്തിനു തയ്യാറാകണം. ഈ രംഗത്ത് ആർക്കും അപ്രമാദിത്വം അവകാശപ്പെടാനൊന്നുമില്ല. പലപ്പോഴും മാനുഷികമായ കഴിവിന്റെയും തൊഴിൽപരമായ പരിജ്ഞാനത്തിന്റെയും പോരായ്മകൾതന്നെ ഈ വ്യക്തികൾക്കുണ്ടെന്നതും നിഷേധിക്കാനാവില്ല.

സ്ഥാപനങ്ങളുടെ വിലയിരുത്തലിൽ സമൂഹത്തോടു പുലർത്തുന്ന പ്രതിബദ്ധത പരിശോധനാവിഷയമാകേണ്ടതാണ്. സ്ഥാപനങ്ങൾ അവയ്ക്കുവേണ്ടിയല്ലാത്തതുകൊണ്ട്, ജനങ്ങളുടെ പ്രതികരണങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ രാഷ്ട്രീയപ്രേരിതവും ദുരുദ്ദേശ്യപരവുമായ പ്രതികരണങ്ങളെ ആത്മാർത്ഥമായ പ്രതികരണങ്ങളിൽ നിന്ന് തിരിച്ചറിയണം. എല്ലാ അർത്ഥത്തിലും സേവനത്തിനുവേണ്ടി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ജനസാമാന്യത്തിൽ നിന്ന് ആരോപണങ്ങൾക്കും എതിർപ്പുകൾക്കും വിധേയമായാൽ അവയ്ക്കു പിന്നിലുള്ള കാരണങ്ങളെ സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. ജീവനക്കാരിൽ നിന്നുതന്നെ ചിലപ്പോൾ സ്ഥാപനങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഈ സാഹചര്യത്തിൽ സംഘർഷം ഒഴിവാക്കുന്നതിനും അനുരജ്ഞ്ജനത്തിനും ധാരണയ്ക്കും വേണ്ടി മാനേജ്മെന്റ് മുൻ കൈയെടുക്കണം. സ്ഥാപനങ്ങൾ ക്കുണ്ടായിരിക്കേണ്ട ഒരു പ്രധാനഗുണമാണ് സുതാര്യത (transparency) പണ സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകം ഇതാവശ്യമാണ്. തുറന്ന കണക്ക് സഭാസ്ഥാപനങ്ങൾക്കുണ്ടെങ്കിൽ പല സംശയങ്ങളും ഇല്ലാതാക്കാനും വിശ്വാസ്യത ഉറപ്പുവരുത്താനും സാധിക്കും."

സ്ഥാപനങ്ങളുടെ സുവിശേഷസാക്ഷ്യം സ്നേഹത്തിന്റെയും നീതിയുടെയും മാനദണ്ഡങ്ങൾ വച്ചു പരിശോധിക്കുമ്പോൾ, ശ്രദ്ധിക്കപ്പെടേണ്ട കൂട്ടരാണ് ഏറ്റവും അടിത്തട്ടിൽ ജോലി ചെയ്യുന്നവർ. ആശുപത്രികളിൽ സഹായികളായും, സ്ഥാപനങ്ങളുടെ അടുക്കളയിൽ ജോലിക്കാരായും തൊഴിൽ ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം സഭ തന്നെ രൂപംകൊടുത്തിട്ടുള്ള നീതിപൂർവ്വകമായ വേതനം, ജീവിക്കാനുള്ള വേതനം, കുടുംബവേതനം തുടങ്ങിയ സങ്കൽപ്പങ്ങൾക്ക് നിരക്കുന്നതാണോ എന്നു പരിശോധിച്ചറിയേണ്ടതുണ്ട്. അധികം പണവും ആസക്തിയും ഇല്ലാതെ നടത്തുന്ന പരോപകാരർത്ഥമുള്ള ചാരിറ്റി സ്ഥാപനങ്ങളാണെങ്കിലും തൊഴിൽ ചെയ്യുന്നവർക്ക് ന്യായമായ രീതിയിൽ വേതനം നൽകാൻ ശ്രമിക്കണം.

**നവമാനവികതയുടെ മൂശകൾ**

ക്രൈസ്തവ സ്ഥാപനങ്ങൾ പ്രത്യേകിച്ച് വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവയ്ക്ക്, നവമാനവികതയുടെ മൂശകളായിത്തീരാനാവും.7 സമൂഹത്തെ നശിപ്പിക്കുന്ന അഴിമതികൊണ്ട് ഇന്നു ജനങ്ങൾ

പൊറുതിമുട്ടുന്ന രാജ്യത്തിലാണ് നാം ജീവിക്കുന്നത്. സത്യത്തിനും നീതിക്കും ന്യായത്തിനും സ്നേഹത്തിനും ഐക്യത്തിനും വേണ്ടി നിലകൊള്ളുന്ന പുതിയ മാനവികതയുടെ സൃഷ്ടി ക്രൈസ്തവ സഭയുടെ പ്രവാചകദൗത്യത്തിന്റെ ഭാഗമാണ്. ഇതിനുള്ള അവസരമാണ് സ്ഥാപനങ്ങൾ, പ്രത്യേകിച്ച് വിദ്യാലയങ്ങളും കലാലയങ്ങളും നൽകുന്നത്. മാനുഷികമൂല്യങ്ങൾ ഒരേ സമയം സുവിശേഷപരവും ക്രിസ്തീയവുമാണ്. അവയിലേക്കു ജനസമൂഹത്തെ വളർത്താൻ, വിദ്യാഭ്യാസസ്ഥാപനങ്ങൾ നൽകുന്ന അവസരം സഭ ഉപയോഗിക്കുന്നില്ലെങ്കിൽ സുവിശേഷദൗത്യത്തിനുവേണ്ടി സഭ ഈ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുന്നില്ല. മാനുഷിക മൂല്യങ്ങളായ സത്യവും നീതിയും സ്നേഹവും ഐക്യവും ക്രിസ്തീയസ്ഥാപനങ്ങളിലൂടെ കടന്നുപോകുന്നവർ ഉൾക്കൊള്ളാനിടയായാൽ സുവിശേഷവത്കരണ പ്രക്രിയയാണ് അവിടെ നടക്കുന്നത്.

സുവിശേഷദൗത്യം നിറവേറ്റാൻ സഭ പള്ളിയിൽ ചെയ്യുന്നതെല്ലാം പള്ളിക്കൂടങ്ങളിലും കലാലയങ്ങളിലും അതേപടി നടപ്പാക്കുകയല്ല ചെയ്യേണ്ടത്. ബഹുമത സാഹചര്യത്തിൽ ക്രൈസ്തവർ സ്വന്തം മതത്തിന്റെ മാത്രമായ പഠനങ്ങൾ, പൊതുസ്ഥാപനങ്ങളിൽ എല്ലാവർക്കുമായി നിർബന്ധപൂർവ്വം നൽകേണ്ടതില്ല. അതേസമയം താൽപര്യമുള്ളവർക്കെല്ലാം ക്രിസ്തീയ പഠനങ്ങൾ അറിയാനുള്ള മാർഗ്ഗം തുറന്നിടണം. സാധിക്കുന്നിടത്തോളം ക്രൈസ്തവ വിദ്യാർത്ഥികൾക്ക് മതപഠനം നൽകുന്ന പതിവു തുടരണം. ഒരു കാര്യത്തിൽ സഭാസ്ഥാപനങ്ങൾക്ക് പിന്നാക്കം നിൽക്കാനാവില്ല. സുവിശേഷമൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുക, അവ സംവേദനം ചെയ്യുക, സത്യം, നീതി, സ്നേഹം, കൂട്ടായ്മ എന്നീ ആദർശങ്ങൾ സാക്ഷാത്കരിച്ചുകൊണ്ട് പുതിയൊരു മാനവികതയെ വാർത്തെടുക്കുക എന്നിവയെല്ലാം അവയ്ക്കു സാധിക്കണം. ആധുനിക ഭാരതത്തിൽ വിദ്യാഭ്യാസത്തിലെ ഉൾവിടവ് മൂല്യങ്ങളുടെ അഭാവമാണെന്ന് പ്രശസ്തമായ കോത്താരി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ''വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ നടക്കുന്ന ധാർമ്മികമായ പുനരുജ്ജീവിതം ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കാൻ സഹായിക്കും. ഇതിന് ക്രൈസ്തവ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.''

**സ്ഥാപനങ്ങൾക്കപ്പുറം പോകുന്ന സേവനം**

സ്ഥാപനത്തിന്റെ അതിർത്തികൾക്കപ്പുറം പോകുന്ന സുവിശേഷ സാക്ഷ്യത്തിന്റെ വീക്ഷണം ഇന്നാവശ്യമാണ്. ഒരു കാലത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും അക്ഷരാർത്ഥത്തിൽ സേവനത്തിന്റെ തെളിഞ്ഞ മേഖലകളായിരുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും മത്സരരംഗമായി ഇന്നിവ തീർന്നിരിക്കുകയാണ് പരമ്പരാഗതമായ സ്ഥാപന മാർഗ്ഗങ്ങൾ കൊണ്ടുമാത്രം എത്തിപ്പെടാൻ പറ്റാത്ത മേഖലകളിലേക്ക് പ്രവേശിക്കാൻ സഭയ്ക്കിന്ന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. 2007-ലെ കത്തോലിക്കസഭയുടെ വിദ്യാഭ്യാസനയം എന്ന രേഖ ഇങ്ങനെയൊരു മാറ്റത്തിന്റെ ആവശ്യകതയെ ക്കുറിച്ചു പറയുന്നുണ്ട്. ജനക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾ സ്ഥാപനങ്ങളിലൂടെയെല്ലാതെയും നടക്കേണ്ടതുണ്ട്. അതിനായി സഭയ്ക്ക് നേതൃത്വം നൽകാനാവണം. സാമൂഹികരംഗത്ത് ദീർഘനാൾ സേവനം ചെയ്തിട്ടുള്ള പി.ഒ. ജോർജ്ജിന്റെ അഭിപ്രായം ശ്രദ്ധേയമാണ്.

“സ്കൂളുകൾ, ആശുപത്രികൾ എന്നിവ നടത്തുക, സാമൂഹിക പ്രവർത്തനങ്ങൾ ചെയ്യുക ഇവയൊക്കെ ഏറ്റവും സൗകര്യപ്രദമായി ചെയ്യാവുന്ന മേഖലകളായിത്തീർന്നിരിക്കുന്നു. ഈ പ്രവർത്തനമേഖലകളിലൂടെ സഭയ്ക്കിന്ന് എത്രമാത്രം സാക്ഷ്യമൂല്യം നൽകാമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലുപരി ജനങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിലായിരക്കണം, എപ്പോഴും ശ്രദ്ധ. അങ്ങനെ വരുമ്പോൾ സഭയുടെ ശ്രദ്ധ മറ്റു പല മേഖലകളിലേക്കും തിരിയേണ്ടിയിരിക്കുന്നു. സഭ ഇറങ്ങിച്ചെല്ലേണ്ട രംഗങ്ങൾ അനവധിയാണ്.”

സ്ഥാപനങ്ങൾ ‘കാര്യക്ഷമതയോടെ’ നടത്തിയതുകൊണ്ടു മാത്രം സമൂഹത്തിൽ സഭയുടെ സുവിശേഷദൗത്യ നിർവ്വഹണം പൂർത്തിയാകുന്നില്ല എന്ന് ഓർമ്മിക്കേണ്ടതുണ്ട്. സഭ വിശ്വസിക്കുന്ന മാനുഷികവും ക്രിസ്തീയവുമായ മൂല്യങ്ങൾ വ്യക്തിക്കും സമൂഹത്തിനും നൽകുകയും വ്യക്തിയും സമൂഹവും ഇന്നു വഴുതിവീണുകൊണ്ടിരിക്കുന്ന പ്രവണതകളിൽ നിന്നു വിമോചനമാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്യുക സഭയുടെ സുവിശേഷധർമ്മത്തിന്റെ തെളിയിക്കപ്പെടാത്ത മേഖലകളാണ്. ആത്മഹത്യനിരക്ക് വർദ്ധിച്ചുവരുന്ന സ്ത്രീപീഡനം പതിവാകുന്ന ശിശുക്കളെ ദുരുപയോഗിക്കുന്ന, ഉപഭോഗസംസ്കാരം സ്വാധീനം ചെലുത്തുന്ന സമൂഹത്തിൽ, സുവിശേഷത്തിനുവേണ്ടിയുള്ള നിലപാട് സാമ്പ്രദായികമായ സ്ഥാപനമാർഗ്ഗങ്ങൾക്കപ്പുറം കടന്നുപ്രവർത്തിക്കാൻ സഭയെ പ്രേരിപ്പിക്കണം. സ്ഥാപനങ്ങളുടെ നേതൃത്വവും നടത്തിപ്പും തന്നെ വിമർശനാത്മകമായവിലയിരുത്തലിനു വിധേയമാക്കുകയും സുവിശേഷ

ശാസ്ത്രം

# മനോരോഗങ്ങൾക്ക് മാനസിക വ്യായാമങ്ങൾ

വി.പി.

ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളും അതിന് വ്യായാമം നൽകുന്നു. അതുപോലെ മനസ്സിന്റെ പ്രവൃത്തികളെല്ലാം അതിനും വ്യായാമം നൽകുന്നുണ്ട്. ശരീരഭാഗങ്ങൾ ഓരോന്നിനും പ്രത്യേകം ആരോഗ്യവും വികാസവും നൽകുവാൻ ക്രമപ്രകാരം ചിട്ടപ്പെടുത്തിയ വ്യായാമങ്ങൾ ഉള്ളതുപോലെ മനസ്സിന്റെ ഓരോ കഴിവിനെയും സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും സഹായകമായ മാനസിക വ്യായാമങ്ങളുമുണ്ട്. ശരീരത്തിനെന്നപോലെ മനസ്സിനും അതിന്റെ സുസ്ഥിതിക്ക് വ്യായാമം അനുപേക്ഷണീയമാണ്. സ്പോർട്സ്, ഗെയിംസ്, യോഗാസനം മുതലായവ ശരീരത്തെ ആരോഗ്യവും ബലവും രൂപഭംഗിയും കുറെയൊക്കെ രോഗപ്രതിരോധശേഷിയുമുള്ളതാക്കുന്നു. ഇവ മനസ്സിന് ഉത്സാഹം നൽകുന്നുണ്ടെങ്കിലും ഇവയെ മനസ്സിന്റെ വ്യാമരീതികളെന്ന് പറയാനാവില്ല. എന്നാൽ, മനസ്സിന്റെ വ്യായാമങ്ങൾ എന്തെല്ലാമാണ്? എഴുത്ത്, വായന, ധ്യാനം, കണക്കുകൂട്ടൽ, ക്വിസ്സ്, ചെസ്സ്, ചീട്ടുകളി, മന:പാഠമാക്കൽ, ഓർമ്മ പരിശോധന, ഉത്തരം കണ്ടെത്തൽ, കടംകഥ, കുസൃതിചോദ്യങ്ങൾ, ക്രോസ് വേർഡ്, മാജിക് ബോക്സ്, മാപ്റീഡിംഗ്, വണ്ടി-ഫോൺ നമ്പറുകൾ ഓർമ്മിച്ചു വയ്ക്കൽ, പിൻകോഡുകൾ ഹൃദിസ്ഥമാക്കൽ, മുതലായവയെല്ലാം ഒന്നാംതരം മാനസിക വ്യായാമങ്ങളാണ്. ശാരീരിക വ്യായാമങ്ങൾ ശരീരരോഗങ്ങളെ തടയാനും അകറ്റിനിർത്താനും സഹായിക്കുന്നതുപോലെ മാനസിക വ്യായാമങ്ങൾ മനോരോഗങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്നു. വിഷാദരോഗം, ഡിമെൻഷ്യ, അൾഷൈമേഴ്സ് രോഗം തുടങ്ങിയവയുടെ ആക്രമണവും രൂക്ഷതപ്രാപിക്കലും തടഞ്ഞുനിർത്താൻ മാനസിക വ്യായാമങ്ങൾ ഫലപ്രദമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതും മനോരോഗവിദഗ്ദ്ധർ അംഗീകരിച്ചിട്ടുള്ളതുമാണ്.

ശാരീരിക-മാനസിക ആരോഗ്യങ്ങൾ അന്യോന്യം ബന്ധപ്പെട്ടവയാണ്. മനസ്സിനു നല്ലത് ഹൃദയത്തിനും നല്ലതാണെന്ന് പറയാറുണ്ട്. എല്ലാ ശാരീരിക രോഗങ്ങളും മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന് നമുക്കറിയാം. അതുപോലെ മാനസിക രോഗങ്ങൾ ശരീരത്തിന്റെ ദുഃസ്ഥിതിക്കും കാരണമാകും. ആരോഗ്യകരമായ ഒരു ജീവിതശൈലി പരിശീലിക്കുകയും ഹൃദയത്തെ അരോഗാവസ്ഥയിൽ സൂക്ഷിക്കുകയും ചെയ്താൽ അത് മനസ്സിന്റെ സുസ്ഥിതിക്ക് സഹായകമാകും. ഇക്കാലത്ത് വളരെ വ്യാപകമായി വരുന്ന വിഷാദരോഗം, ഡിമെൻഷ്യ, അൾഷൈമേഴ്സ് എന്നിവയുടെ പ്രതിരോധത്തിൽ മാനസിക വ്യായാമങ്ങളുടെ പരിശീലനം ഏറെ പ്രയോജനകരമാണ്.

വിഷാദരോഗം ഏത് പ്രായത്തിലും പിടിപെടാം. എന്നാൽ ഡിമെൻഷ്യ അറുപതുകളുടെ രണ്ടാം പകുതിയിലാണ് സാധാരണ ബാധിക്കാറുള്ളത്. ഇവയിൽ ആദ്യത്തേത് ഔഷധ പ്രയോഗവും സാമൂഹിക പിന്തുണയും കൊണ്ട്

---

മൂല്യങ്ങൾക്കനുസൃതമായി ക്രമവത്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**കുറിപ്പുകൾ**


1. Cf. Christian Duquoc, Provisional Churches (London, SCM Press, 1986). P. 89ff.
2. CBCI Survey Report, 1994
3. CBCI Commission for Education and Culture, All India Catholic Education Policy 2007.
4. ‘Paths of Mission in India Today’. Statement of National Consultation on Mission 4-9, January 1994 (Isavanl Kendra, Pune) no. 63
5. Ibld , No.64.
6. Bernard Haering, Evangelization Today, Notre Dame Fldes Publishers, 1974, P. 90
7. Jeevan Babu, ‘Christian Institutions as Breeding Points of New Humantly.’ National Council of Churches Review, Vol. CXV, No.6, June - July 1996. P. 507.
8. കോത്താരി കമ്മീഷൻ റിപ്പോർട്ട് പറയുന്നു. 'A Serious defect in the school system is the absence of provision for education in social, moral and spiritual values.'
9. പി.ഒ. ജോർജ്ജ്, “സാമൂഹികപ്രതിബദ്ധത കേരള പശ്ചാത്തലത്തിൽ”, മതവും ചിന്തയും പുസ്തകം 76, ലക്കം 6 (നവംബർ - ഡിസംബർ 1996) PP. 501-502.

സുഖപ്പെടുത്താവുന്നതാണ്. മാനസിക വ്യായാമവും സുഖപ്രാപ്തിക്ക് സഹായകമാണ്. എന്നാൽ ഡിമെൻഷ്യയുടെ കാര്യത്തിൽ ഔഷധ ചികിത്സ-പ്രത്യേകിച്ചും വൈകിയ ഘട്ടത്തിൽ- ഒട്ടുംതന്നെ ഫലപ്രദമല്ല. തുടക്കത്തിലാണെങ്കിൽ മാനസിക വ്യായാമം വഴി രോഗമൂർഛയുടെ വേഗത കുറയ്ക്കാവുന്നതാണ്. 65 വയസ്സ് കഴിഞ്ഞവരിൽ ഡിമെൻഷ്യ രോഗം ഇപ്പോൾ സാധാരണമായിരിക്കുന്നു. അടുത്ത 10 വർഷത്തിനുള്ളിൽ ഈ രോഗബാധിതരുടെ എണ്ണം ഇരട്ടിയാകുമെന്നാണ് മനോരോഗ വിദഗ്ദ്ധരുടെ അഭിപ്രായം. അതോടെ അവർ ഒരു സാമൂഹ്യ ഭീഷണിയായി തീരും. ഈ രോഗമുള്ളവരെ കുടുംബങ്ങളിൽ സൂക്ഷിക്കുക ശ്രമകരമാകുന്നതു നിമിത്തം അവരെ പുറന്തള്ളാൻ-പ്രത്യേകിച്ചും പാവപ്പെട്ട വീട്ടുകാർ-നിർബന്ധിതരാകും. അങ്ങനെ അവർ സമൂഹത്തിൽ ആശങ്ക വളർത്തുന്നു. ഉത്തമജീവിതശൈലിയുടെയും മാനസികവും ശാരീരികവുമായ നല്ല പ്രവർത്തനങ്ങളുടെയും അഭാവം ഡിമെൻഷ്യയുടെ വ്യാപനത്തിന് ആക്കം കൂട്ടുന്നു. വരുംതലമുറയിൽ ഈ രോഗം താരതമ്യേന ചെറുപ്പത്തിലേ പിടിപെടാൻ തുടങ്ങുമെന്നാണ് മനോരോഗ ചികിത്സകരുടെ പക്ഷം.

ഡിമെൻഷ്യ രോഗികൾക്ക് സ്വന്തം ദിനചര്യകൾ പരസഹായം കൂടാതെ നിർവ്വഹിക്കാൻ കഴിയാത്തതിനാൽ അവർ മൂലമുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ രൂക്ഷമാകുന്നു. അഖിലേന്ത്യാ തലത്തിൽ അഞ്ചു ശതമാനം ഡിമെൻഷ്യരോഗികൾക്കു മാത്രമേ ചികിത്സയും പരിചരണവും ലഭ്യമാകുന്നുള്ളൂ. കേരളത്തിൽ അവർ 25 ശതമാനം വരും. ബാക്കിയുള്ളവർ സ്വന്തം വീടുകളിലോ ആതുരശാലകളിലോ തടവിലെന്നപോലെ കഴിഞ്ഞുകൂടുകയോ തെരുവുകളിൽ അലഞ്ഞു തിരിയുകയോ ചെയ്യുന്നു.

എഴുത്തും, വായനവും, പഠനവും മനസ്സിനെ കർമ്മനിരതമായി സൂക്ഷിക്കുന്നതിനാൽ ഡിമെൻഷ്യ ബാധയെ ഒട്ടൊക്കെ തടയുവാൻ സഹായിക്കുന്നു. ഈ രോഗം സംബന്ധിച്ച ബോധവത്ക്കരണവും അതിന്റെ ചികിത്സയ്ക്കുവേണ്ടിയുള്ള ഇൻഫ്രാ സ്ക്ട്രക്ചർ വിപുലീകരണവും വളരെ പ്രാധാന്യമർഹിക്കുന്നു. കേരളത്തിൽ ഈ സാഹചര്യം താരതമ്യേന കൂടുതലുണ്ട്. എന്നിരുന്നാലും നമുക്ക് ഡിമെൻഷ്യ രോഗികൾക്കുവേണ്ടിയുള്ള ആശുപത്രികൾ, ആതുരശാലകൾ, ഡേ-കെയർ സെന്ററുകൾ, വായന-വിനോദശാലകൾ, മെമ്മറി ക്ലിനിക്കുകൾ മുതലായവയെല്ലാം കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഡിമെൻഷ്യയ്ക്കെതിരെയുള്ള പ്രതിരോധനത്തിന് മുൻകൈ എടുത്തിട്ടുള്ള സംസ്ഥാനമാണ് കേരളം. ARDSI യുടെ സഹായത്തോടെ രണ്ടു ജില്ലകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്. ഹെൽപ്പ്ലൈൻ രൂപം കൊണ്ടുകഴിഞ്ഞു.

വിഷാദരോഗവും ഡിമെൻഷ്യയും തമ്മിലുള്ള ബന്ധത്തിന് ശാസ്ത്രീയ തെളിവുകൾ ഇല്ലെങ്കിൽത്തന്നെയും അവ രണ്ടും ഒരേ സമയം ഒരു വ്യക്തിയിൽ സംഭവിക്കാമെന്ന് സ്ഥിതീകരിക്കപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ പ്രായം ചെന്നവരിലും വിഷാദരോഗം കാണാം. ഇത് അൾഷൈമേഴ്സ് രോഗത്തിന്റെ ബാഹ്യപ്രകടനം ആകാം.

ഹൃദ്രോഗം, പലതരം ക്യാൻസറുകൾ, പ്രമേഹം, അവയവ പരാജയം മുതലായ ഗൗരവതരമായ രോഗങ്ങൾ ഉള്ളവരിൽ വിഷാദരോഗബാധ സംഭവിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യം അധികം ചികിത്സകരും വീട്ടുകാരും സാധാരണ കണക്കിലെടുക്കാറില്ല. ഓരോ രോഗിക്കും വൈകാരികമായ പിന്തുണ ആവശ്യമുള്ളതിനാൽ ഡോക്ടർമാർ രോഗികളുടെ മാനസികാവസ്ഥയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം രോഗികൾക്ക് ആവശ്യമെങ്കിൽ കുറഞ്ഞ ഡോസിൽ ആന്റി റിപ്രസെന്റുകൾ നൽകാവുന്നതാണ്. മാനസികനില അവരുടെ ശാരീരിക ആരോഗ്യത്തെയും സുഖപ്രാപ്തിയെയും കാര്യമായി സ്വാധീനിക്കുന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ. അവർ കടുത്ത വിഷാദാവസ്ഥയിലേക്ക് നീങ്ങിയാൽ മിക്കവാറും ആത്മഹത്യയിലായിരിക്കും അവസാനിക്കുക. കേരളത്തിൽ ആത്മഹത്യ ചെയ്യുന്നവരിൽ 15 ശതമാനം വിഷാദരോഗികളാണ്.

**ഡിമെൻഷ്യയുടെ ലക്ഷണങ്ങൾ**

1. **ബോധസംബന്ധമായ (Cognitive Symptoms) ലക്ഷണങ്ങൾ**

(a) ഓർമ്മ നഷ്ടപ്പെടുന്നു. (b) മാനസികനില മോശമാകുന്നു. (c) ചിന്താശേഷി കുറയുന്നു. (d) തിരിച്ചറിയുന്നതിനുള്ള കഴിവ് കുറയുന്നു. (e) ചെറിയ പ്രശ്നങ്ങൾക്കു പോലും സ്വയം പരിഹാരം കാണാൻ കഴിയാതാകുന്നു.

2. **പെരുമാറ്റപരമായ ലക്ഷണങ്ങൾ (Behavioural Symptoms)**

(a) അക്രമ സ്വഭാവം കാണിക്കുന്നു. (b) ശുണ്ഠി കൂടുന്നു. (c)ചിലരോട് കടുത്ത വിരോധം പ്രകടമാക്കുന്നു. (d) വ്യക്തിത്വം മാറുന്നു. (e) സ്വസ്ഥതയില്ലായ്മ ഏറിവരുന്നു. (f) ആരോടും പറയാതെ സ്ഥലം വിടുന്നു. (g) ഇഷ്ടവസ്തുക്കളോട് അമിതമായ ആർത്തി കാണിക്കുന്നു.

3. **മനോനില സംബന്ധിച്ച ലക്ഷണങ്ങൾ (Mood Symptoms)**

(a) ദേഷ്യം, (b) ഉത്കണ്ഠ, (c) വിരസത, (d) എന്തിലും അതൃപ്തി, (e) മനോനില കൂടെക്കൂടെ മാറുന്നു.

ലേഖനം

# തുണ

**ജോയി മേക്കോ ട്ടിൽ**

"വചനം:- ഉൽപ്പത്തി 2:18 മനുഷ്യൻ ഏകനായിരിക്കുന്നത്, നന്നല്ല; ഞാൻ അവന് തക്കതായ ഒരു തുണ ഉണ്ടാക്കികൊടുക്കും"

(സത്യവേദപുസ്തകം)

ഒറ്റയ്ക്കാകുന്നതിന്റെ കടുത്ത ദുരന്തങ്ങളും, സ്നേഹനിഷേധങ്ങളും എത്രയെത്ര ജീവിതങ്ങളാണ് തകർത്തെറിഞ്ഞിട്ടുള്ളത്. സ്നേഹനിരാസങ്ങളിൽ നിന്നും ഒറ്റപ്പെടലിൽ നിന്നുമൊക്കെ എപ്പോഴും പ്രണയത്തിന്റെ മഴപെയ്ത്തിൽ കുളിച്ചുനിൽക്കുന്ന മനുഷ്യരെ അതാണ് ദൈവം പോലും ആഗ്രഹിച്ചിട്ടുണ്ടാവുക! അതുകൊണ്ടാകും മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാനവന് തക്കതായ ഒരു തുണയെ ഉണ്ടാക്കിക്കൊടുക്കുമെന്ന് തന്നെ ദൈവം തീരുമാനിക്കുന്നതിനു കാരണം. എന്നിട്ടോ? ആ സൃഷ്ടി വിവരണമൊന്ന് മിഴിയടച്ചിരുന്ന് ധ്യാനിക്കുക. ആദ്യ സാമീപ്യത്തിൽ തന്നെ ആർദ്രമായ പ്രണയത്തിന്റെ കതിരുകൾ പുരുഷന്റെ കണ്ണിൽ പൂത്തു നിൽക്കുന്നത് വായിച്ചെടുക്കാനാവും. അവിടം മുതൽ പകലിന്റെ അല്ലലിന്റേയും, അലച്ചിലിന്റേയും ആലസ്യങ്ങളിൽ നിന്ന് രാവിന്റെ സ്വകാര്യതയിലേയ്ക്ക് അവർ എന്നും ദൈവത്തിന്റെ കരം പിടിച്ചാണ് നടന്നു പോകുന്നത്. വി. വേദപുസ്തകം വരച്ചിടുന്ന ആദിമ കുടുംബത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ഇങ്ങനെയൊക്കെയാണ്.

എന്തെ നമ്മുടെയൊക്കെ വീടുകളിൽ നിന്നും ഈ പ്രണയത്തിന്റെ ആദിമ വാഴ്വുകൾ ചോർന്നു പോകുന്നു. സമൃദ്ധിയുടെ വിരുന്നു മേശകളിൽ ഒരുമിച്ചിരുന്ന് അത്താഴം പങ്കിടുമ്പോഴും രുചി കെട്ടുപോകുന്നു. പരസ്പരം ഹൃദയമിടുപ്പിന്റെ താളം പങ്കുവച്ച് ഒരേ ശയ്യയിൽ പുണർന്ന് ഉറങ്ങുമ്പോഴും അതിന്റെ മദ്ധ്യത്തിലൂടെ ഭൂമദ്ധ്യരേഖ കടന്നു പോകുന്നതുപോലെ! ഒന്നിച്ചുണ്ണാം, ഉറങ്ങാം. പക്ഷെ ഉള്ളത്തെ തൊടുന്ന പ്രണയത്തിന്റെ ജലരാശി പോലും പരസ്പരം പങ്കുവയ്ക്കാനില്ലാതെ പോകുന്നെങ്കിൽ? തന്റെ തൂലിക കൊണ്ട് ലോകത്തെ ത്രസിപ്പിച്ച പ്രശസ്ത എഴുത്തുകാരനായിരുന്ന ടോൾസ്റ്റോയിയ്ക്ക് വീടെന്നത് കടുത്ത വിഷാദ പർവ്വമായിരുന്നുവല്ലോ. പ്രേയസിയോട് കലഹിച്ചല്ലാതെ ഒരു രാവും ആ ജീവിതത്തിലുണ്ടായിട്ടില്ലത്രെ. ഒടുവിൽ സഹികെട്ട് ഒരു നാൾ വീടുവിട്ടിറങ്ങി. റെയിൽവേ പ്ലാറ്റ്ഫോമിന്റെ വിജനതയിലെ പെയ്തുറയുന്ന മഞ്ഞിൽ മരവിച്ചായിരുന്നു അവസാനം.

വർത്തമാന പരിസരങ്ങളിൽ ആഗോളവത്കരണത്തിന്റെ ആദ്യ രക്തസാക്ഷി കുടുംബമാണെന്ന് തോന്നുന്നു. സായിപ്പ് സ്വീകരിക്കുന്ന എത്ര മോശപ്പെട്ട എടുത്തുചാട്ടങ്ങളും ചിലർക്കെങ്കിലുമൊക്കെ പരിഷ്ക്കാരത്തിന്റെ ഉദാത്ത മാതൃകകളാണല്ലോ. മെല്ലെ കുടുംബമെന്ന ഭദ്രമായ സങ്കൽപ്പവും ഉലഞ്ഞ് തുടങ്ങുകയാണിവെടേയും. ആർക്കും ആരേയും വായിച്ചെടുക്കാനാവുന്നില്ല. വിദ്യാസമ്പന്നയായ, വിദേശജോലിയുള്ള വലിയ ശമ്പളമുള്ള പെൺകുട്ടി അധികമൊന്നും ദീർഘിക്കാത്ത അവളുടെ ദാമ്പത്യത്തിന്റെ പ്രണയം തണുത്തുറഞ്ഞതിനു കാരണം കണ്ടെത്തുന്നത് എന്റെ ശമ്പളത്തിന്റെ പകുതിപോലും ഇല്ല അവന്. പിന്നെ ഞാൻ പറയുന്നത് അവന് കേട്ടാൽ എന്താണ്? എങ്ങനെയാണ് ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടുക! പരസ്പരം പ്രണയമില്ലാതെ സഹനശയനത്തിനുള്ള ഉടമ്പടിയായി മാത്രം വിവാഹത്തെ പ്രതിഷ്ഠിക്കു

---

4. **പേശീസംബന്ധമായ ലക്ഷണങ്ങൾ (Muscular Symptoms)**

(a) പേശീചലനങ്ങളെ ഏകോപിപ്പിക്കാൻ കഴിയാതെ വരുന്നു. (b) ആഹാരം വിഴുങ്ങുവാൻ പ്രയാസപ്പെടുന്നു. (c) മലമൂത്രങ്ങൾ അറിയാതെ വിസർജ്ജിക്കപ്പെടുന്നു.

**താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.**

(a) മേൽപ്പറഞ്ഞ രോഗലക്ഷണങ്ങൾ നേരിയ തോതിലായിരിക്കും കണ്ടു തുടങ്ങുക. പിന്നീട് അവ തീവ്രമാകും. (b) സമയം, തീയതി, ദിവസം, വർഷം എന്നിവയെല്ലാം നിശ്ചയമില്ലാതെ വരും. (c) സംസാരിക്കാനും എഴുതാനുമുള്ള കഴിവ് നഷ്ടപ്പെടും. സ്വന്തം വസ്തുക്കൾ കൈമോശം വരുന്നു. അന്യരുടേത് അവകാശപ്പെടുകയും അപഹരിക്കുകയും ചെയ്യും. (d) ഭാവമാറ്റം ക്ഷണികമാണ്. (e) ദൈനംദിന കൃത്യങ്ങൾ അലങ്കോലപ്പെടുന്നു. (f) കാഴ്ചകൾ, സ്ഥലങ്ങൾ ശബ്ദങ്ങൾ എന്നിവ തിരിച്ചറിയാൻ പ്രയാസമാകുന്നു. സ്വന്തം വീടിന്റെ സ്ഥാനം പോലും നിശ്ചയമില്ലാതെ വരുന്നു. വീട്ടിൽ നിന്ന് തനിയെ ആരുമറിയാതെ ഇറങ്ങിപ്പോകുന്നു. ഇത്തരം ലക്ഷണങ്ങൾ ഒരാളിൽ കണ്ടുതുടങ്ങിയാൽ ഡിമെൻഷ്യയുടെ ആരംഭമായി കരുതി മനോരോഗചികിത്സകന്റെ സഹായം തേടേണ്ടതാണ്.

(ടൈംസ് ഓഫ് ഇൻഡ്യയോട് കടപ്പാട്)

ന്നുവെങ്കിൽ നമുക്കും ആ വൈദേശിക സംസ്കാരത്തിലേയ്ക്ക് ഇനി അധികം ദൂരമൊന്നുമില്ല.

ഇവിടെയാണീ വചനത്തെ അഗാധമായി ധ്യാനിക്കേണ്ടത്. തക്ക തുണയെ നൽകുമെന്നു തന്നെയാണ് വചനം. എന്താണ് ഇണയും തുണയും തമ്മിലുള്ള വ്യത്യാസം. ശരീരത്തിന്റെ മമതകളും, ആസക്തികളുമൊക്കെ പെയ്തൊഴിക്കാൻ ഇണ ഉതകിയേക്കും. അതാരാവണമെന്നുപോലും ഈ കാലത്തിനത്ര കരുതലൊന്നുമില്ലല്ലോ. നിത്യവും പത്രത്താളുകളിൽ നിറഞ്ഞു നിൽക്കുന്ന വാർത്തകൾ കനിവു നഷ്ടപ്പെട്ട ഈ കാലത്തിന്റെ മൃഗവാസനകളുടെ നേർ ചിത്രം വെളിപ്പെടുത്തുന്നുമുണ്ട്. അതുകൊണ്ട് ഇണകളെയല്ല തുണകളെത്തന്നെയാണ് ദൈവം സൃഷ്ടിച്ചത് എന്നതാണ് ഒന്നാം പാഠം! എന്താണ് തുണ? ഒരു കൊച്ചുദാഹരണം കൊണ്ട് എളുപ്പം വ്യക്തമാകൂ. അന്ധനായ ഒരു മനുഷ്യൻ വഴിയിലൂടെ അവന്റെ വടികൊണ്ട് ദിശയറിഞ്ഞ് നടന്നുപോവുകയാണ്. പെട്ടെന്നാണ് തിരക്കിൽ ഓടുന്ന കുട്ടികൾ ആ വടി തട്ടിതെറിപ്പിച്ച് ഓടിപ്പോവുന്നത്. അവരറിയുന്നേയില്ല അന്ധന്റെ വടി നഷ്ടപ്പെട്ടത്. പാവം അയാൾ അവിടെത്തന്നെ നിൽക്കുകയാണ്. ഒരു ചുവടുപോലും മുന്നോട്ട് വയ്ക്കാനാവാതെ! അന്ധന് അവന്റെ കൈയ്യിലെ ഊന്നുവടി അവന്റെ യാത്രയ്ക്കുള്ള തുണയാണല്ലോ. ഇതുപോലെ തന്റെ പുരുഷന്റെ അന്ധതയിൽ ഊന്നുവടിയാവുന്ന സ്ത്രീ! സ്ത്രീയുടെ അന്ധതയിൽ ഊന്നുവടിയാവുന്ന പുരുഷൻ! അങ്ങനെ പരസ്പരം കുറവുകളിലെ നിറവായി ബലഹീനതകളിലെ ബലമായി അന്യോന്യം തുണകളായി മാറാൻ! ഇതുകൊണ്ടാവും മലയാളത്തിന്റെ പ്രശസ്ത കവി എൻ. എൻ. കക്കാട് നമുക്ക് പരസ്പരം ഊന്നുവടിയായി മാറാമെന്ന് പ്രേയസിയോട് സ്വകാര്യം പറയുന്നത്. അപ്പോഴാണ് പരസ്പരമുള്ള ആദരവോടെ തുണയെ സ്വീകരിക്കാനാവുക.

രണ്ട് സ്നേഹിതർ ക്ഷേത്രത്തിന്റെ രണ്ട് തൂണുകൾ പോലെയാണ്. അവ രണ്ടും ഒരേ മേൽക്കൂരയെയാണ് താങ്ങുന്നതെങ്കിലും അവ വേറിട്ടു നിൽക്കുന്നു. സ്നേഹ ക്ഷേത്രങ്ങളാകുന്ന ഈ മേൽക്കൂരയെ താങ്ങി നിൽക്കുന്ന തൂണുകളാവുക എന്നാൽ ഒരിക്കലും സ്വത്വത്തിൽ നിന്നകലാതെ അതിൽ തന്നെ വേരൂന്നി നിൽക്കുക. അപ്പോൾ രണ്ടുപേർക്കും പ്രണയത്തിന്റെ ശുദ്ധിയും, നിർമ്മലതയും മനസ്സിലാകുമെന്ന് ഖലീൽ ജിബ്രാൻ. ഈ തെളിമയും പരസ്പരം ഉണ്ടാകേണ്ടതുണ്ട്. അതിന് ഏദനിലെപ്പോലെ ഓരോ രാവിലേയ്ക്കും ദൈവത്തിന്റെ കരം പിടിച്ചു തന്നെ നടന്നു കയറണമെന്നതാണ് രണ്ടാം പാഠം! അപ്പോഴാണ് ജിബ്രാന്റെ പാപിനിയായ സ്ത്രീ പറയുന്നതുപോലെ "എല്ലാവരും എന്റെ ശരീരത്തെ സ്നേഹിച്ചു, എന്റെ മമതകളെ സ്നേഹിച്ചു, എന്റെ സൗന്ദര്യത്തെ സ്നേഹിച്ചു. അവൻ മാത്രം എന്നെ സ്നേഹിച്ചു" എന്ന് നമുക്കും പ്രണയത്തിന്റെ ദീപ്തമായ സപ്തവർണ്ണങ്ങളിൽ ശരീരത്തിന്റെ മമതകൾക്കും ആസക്തികൾക്കുമപ്പുറം തുണയെ ചേർത്തുപിടിച്ച് ആ കാതിലൊന്ന് മന്ത്രിക്കാനാവൂ. അതിന് ഓരോരുത്തരും അവന്റെ അനന്യതയെ തിരിച്ചറിയണമെന്നതാണ് മൂന്നാം പാഠം!


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

RNI No. KERMAL/2012/46014 Date of Publication 15-5-2017 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



## യുവജന സമ്മേളനം നടന്നു

പാലക്കുഴ: സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വാർഷിക ഏകദിന സമ്മേളനം നടന്നു. മെയ് 1 തിങ്കളാഴ്ച നടന്ന യോഗം ഡോ. അനീറ്റ കുര്യൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾക്കിടയിലെ മാനസിക സംഘർഷ നിവാരണത്തെക്കുറിച്ച് സിസ്റ്റർ ഡോ. ഷാലു കോയിക്കര ക്ലാസ്സ് നയിച്ചു. തുടർന്ന് നവമാധ്യമങ്ങൾ: സാധുതകളും വെല്ലുവിളികളുമെന്നതിനെപ്പറ്റി ചർച്ചയും സംവാദങ്ങളും നടന്നു. വികാരി ഫാ. ഷിബു കുര്യൻ അദ്ധ്യക്ഷത വഹിച്ചു. ജയ സണ്ണി, നിതീഷ് ജോൺ എന്നിവർ ചർച്ചകൾ നയിച്ചു. ഷാജി ജോൺ, മിഥുൻ സ്കറിയ, സാന്ദ്ര മരിയ പോൾ, മെറിൻ സ്കറിയ, മീനു മാത്യു എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ട്രസ്റ്റിമാരായ ജോൺ ചൂരയ്ക്കത്തടത്തിൽ, മത്തായി കാപ്പിൽ, സെക്രട്ടറി മാത്യു വടക്കേക്കൂറ്റ്, ഏലിയാസ് നെല്ലാട്ടുകുടി, റവ. സിസ്റ്റർ ദീന എന്നിവർ ആശംസകൾ അർപ്പിച്ചു. യുവജനങ്ങളുടെ വിവിധ കലാകായിക പരിപാടികൾ ഉണ്ടായിരുന്നു. മത്സരജേതാക്കൾക്ക് സമ്മാനങ്ങൾ നൽകി.

## സ്ഥാനാരോഹണ വാർഷികം ആചരിച്ചു

അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 28-ാം സ്ഥാനാരോഹണദിനം ലളിതമായി 2017 മെയ് 3 ന് ആചരിച്ചു. അന്നു രാവിലെ 8 മണിക്ക് അഭി. തിരുമേനി മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു. കുർബാനാനന്തരം വികാരി ഫാ. എഡ്വേർഡ് ജോർജിന്റെ നേതൃത്വത്തിൽ തിരുമേനിക്കുവേണ്ടി പ്രത്യേക പ്രാർത്ഥന സമർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## വാർഷിക പൊതുയോഗം നടന്നു

വടകര: സന്തുല ട്രസ്റ്റ് ആശുപത്രിയുടെ 2016-17ലെ വാർഷിക പൊതുയോഗം 2017 മെയ് 7-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ട്രസ്റ്റ് പ്രസിഡന്റ് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ആശുപത്രി കോൺഫ്രൻസ് ഹാളിൽ ചേർന്നു. ട്രസ്റ്റ് സെക്രട്ടറി എൻജി. എ.പി. സെൽവിൻ പ്രവർത്തനവർഷത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് ഇതു സംബന്ധിച്ച ചർച്ചകൾ നടന്നു. നിർദ്ദേശങ്ങൾ രേഖപ്പെടുത്തി. അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ തുടരാൻ തീരുമാനമായി. ആശുപത്രിയിൽ പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചെങ്കിലും വേണ്ടത്ര സാമ്പത്തികശേഷി കൈവരിച്ചശേഷം മതിയെന്നു തീരുമാനിച്ചു. അതിനുശേഷം 2017-18-ലേക്കുള്ള ബജറ്റ് അവതരിപ്പിച്ചു. വാർഷിക കണക്കുകളും ബജറ്റും ചർച്ച ചെയ്ത് പാസ്സാക്കി. 5 മണിക്ക് യോഗം സമാപിച്ചു.

### അപേക്ഷ ക്ഷണിക്കുന്നു

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ മാനേജ്മെന്റിലുള്ള ഇടുക്കി സെന്റ് മേരീസ് എയ്ഡഡ് എൽ.പി. സ്കൂളിൽ അദ്ധ്യാപകരുടെ ഒഴിവുണ്ട്. T.T.C. ഉള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അദ്ധ്യാപന പരിചയമുള്ള പുരുഷ അപേക്ഷകർക്ക് മുൻഗണന.

മാനേജർ
9447083340

### അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

**ഡയോസിസൻ ബുക്ക് സെന്റർ**

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha